# ലീലാങ്കണം

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

# ലീലാങ്കണം

## കവിതാസമാഹാരം

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

താളിളക്കം

2020

പേര്: **ലീലാങ്കണം**

ഭാഷ മലയാളം

വിഭാഗം: കവിതാസമാഹാരം

രചന: ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# ഉള്ളടക്കം


ഗീതാഞ്ജലി

അപരാധി

വീരസൂക്തി

ഉദ്യാനത്തിൽവെച്ച്

ഒരു ശരന്നിശ

മിന്നൽപ്പിണർ

ഉണർന്നപ്പോൾ

രഹസ്യരാഗം

സ്വപ്നവിഹാരി

ശൈശവാഭിലാഷം

നാട്ടിന്

ഒരു പുൽക്കൊടിയുടെ പ്രേമഗാനം

വസന്താവസാനം

അഞ്ജലി

ശാന്ത

പ്രേമവിലാസം

ഹേമ

മരിച്ചിട്ട്

രാജയോഗിനി

പ്രഥമതാരം

## ഗീതാഞ്ജലി

വിജ്ഞാനദീപം കരസ്ഥമാണെങ്കിലേ-
യജ്ഞാതജ്യോതിസ്സേ! നിന്നെക്കാണൂ.
നിൻ കാന്തിപൂരം കണ്ടീടാൻ കൊതിക്കുന്നോ-
രെൻകണ്ണിണമാത്രമാഭ മങ്ങീ!

ദേവി! നിൻ മാഹാത്മ്യമെൻ ബാല്യകാലത്തി-
ലീവിധത്തിലോതിത്തന്നീലാരും.
എത്രനടന്നു ഞാനെത്ര വലഞ്ഞു ഞാ-
നത്ര നിൻ കീർത്തികൾ കേൾക്കുവാനായ്?
അന്നൊരു നാളിലും നിന്നുടെ മാഹാത്മ്യ-
മെന്നോടൊരുവനും ചൊന്നതില്ല.
അന്നവർ ചൊന്നതുമിന്നു ഞാനോർപ്പതും
ഭിന്നങ്ങൾ!-അന്തരമെത്രമാത്രം?

എന്തിനു ഞാനേവം തെണ്ടിയലഞ്ഞു മൽ
ചിന്തിതമെല്ലാം സഫലമാക്കാൻ?
ആരും പറഞ്ഞുതരേണ്ടനിൻമാഹാത്മ്യ-
മാരും നിൻകീർത്തികൾ വാഴ്ത്തിടേണ്ട!
എങ്ങു തിരിഞ്ഞാലും തങ്ങുന്നതാവക-
തിങ്ങും പ്രഭാംശുക്കളല്ലീ കാണ്മൂ?
ഏതൊരു ദിക്കിലും മാറ്റൊലിക്കൊൾവതു
പൂതമാം നിൻ കീർത്തനങ്ങൾ മാത്രം!

മാനുഷരെങ്ങനെ വാഴ്ത്തിടും നിന്നുടെ
മാഹാത്മ്യമത്രയ്ക്കധികമല്ലേ?
മായയിൽ മുങ്ങിമറിയുവോരെങ്ങനെ
തായേ! നിൻ വൈഭവം കണ്ടറിയും?
കള്ളപ്പുറംപൂച്ചു കാണുവാനല്ലാതെ
യുള്ളം കുളിർപ്പിക്കും കാന്തി കാണ്മാൻ,
മാനുഷന്മാരുടെ മാംസളദൃഷ്ടികൾ
നൂനമെന്നംബികേ ദുർബലങ്ങൾ!
വിശ്വചൈതന്യം വികസിച്ചിടുംനേരം

നശ്വരദീപ്തിയിലുൾഭ്രമത്താൽ,
മാനുഷർ, കഷ്ടം! മരീചിക കണ്ടോട്ടം
മാനിനെപ്പോലെ മയങ്ങുകെന്നോ!

മാനുഷർ നിൻകീർത്തി വാഴ്ത്തുന്നതെന്തിനാ-
യീ നൽപ്രകൃതിയും കൊണ്ടാടുമ്പോൾ!
മർത്ത്യനേത്രങ്ങളാൽ കാണാൻ കഴിയാത്തോ-
രുത്തുംഗമാം കുഴലൂതിയൂതി,
മാലേയമാരുതൻ പാടുന്നു നിത്യവും
ചാലേ നിൻ പാവനഗാനജാലം!
അല്ലിന്റെയന്തിമയാമം മുതൽക്കു നിൻ
ചൊല്ലെഴും സൂക്തികൾ പേർത്തും പേർത്തും
പാടലപംക്തികൾതോറും പറന്നെന്നും
പാടിപ്പഠിക്കുന്നു പൈങ്കിളികൾ!
നിർവ്യാജഭക്തി നിറഞ്ഞുകവിയവേ
ദിവ്യനൃത്തം ചെയ്യൂ വല്ലരികൾ!

ദിവ്യചൈതന്യമേ! നിൻനിഴൽ നേടുകിൽ
ഭവ്യമതിപ്പരമെന്തു വേണ്ടൂ?
മൂന്നുലോകത്തിനും മൂലമായ് രാജിക്കും
നിന്നണിവെൺകരാലിംഗനത്താൽ,
ഏതൊരു മാനസനീരലർകുഡ്മളം
പൂതാഭം മിന്നിവിരിയുകില്ല?
ആദിമദ്ധ്യാന്തവിഹീനസ്വരൂപമേ!
വേദവേദാന്തപ്പൊരുളേ ദേവീ!
ഗീതാഞ്ജലിചെയ്തു മായാന്ധനാമിവൻ
പൂതഹൃദന്തനായ് തീർന്നിടാവൂ!

## അപരാധി

(കേക)

ഒന്ന്

വല്ലികാവൃതമായ വാടികയ്ക്കകത്തൊരു
നല്ലാർമൗലിയാളേകാകിനിയായ് വസിക്കുന്നു!

വാരുണീകപോലത്തിൽ തങ്കം കുങ്കുമപങ്കം
ചാരുവെൺകരങ്ങളാൽ തുടച്ചു താരാനാഥൻ.

ഇരവിൻ കരിങ്കുന്തലായിടുമിരുൾ ചിക്കി-
ച്ചൊരിവൂ പനിനീരിൻ ശീതളവെൺതുള്ളികൾ

ശരദാകാശാംഗന നിദ്രാവൈവശ്യം പൂണ്ടു
താരനേത്രങ്ങൾ മന്ദമടച്ചുതുറക്കുന്നു!

അന്ത്യമായ്ത്തരുക്കളെയാശ്ലേഷിച്ചെങ്ങോ പോയി-
പ്പൂന്തെന്നൽപോലും നിദ്രചെയ്യുവാനാരംഭിച്ചു.

നിദ്രതൻ പരിഷ്വംഗത്താലപ്പോൾ പ്രകൃത്യംബ
സദ്രസം വശഗയായ് നിശ്ചലം നിലകൊൾവൂ!

പാതിയും തീർന്നു രാവിൻനർത്തനം, ഗാനാൽപ്പരം
പാതിരാപ്പതത്രിയും നിദ്രയിൽ പങ്കുകൊണ്ടാൻ

ക്രമുകാവലികൾതൻ പുതുപൂക്കുല പൊട്ടി-
യമലാമോദമപ്പോളവിടെപ്പരക്കയായ്!

ഓമലാൾ നെടുതായ വീർപ്പുവിട്ടനന്തരം
ളുമുഖത്താമരത്താരൊന്നു പിതിരിക്കവേ,

അന്തികേ കണ്ടീടിനാളിഷ്ടതോഴിയാളാകും
’സാന്ധില്യ’തന്നെ-സന്താപാവിഷ്ടയെ-സാധുവെ.

ത്വരയാർന്നവൾ വേഗം ചോതിപ്പൂ:- ”തോഴീ! അവ-
നരചെയ്യൊരു വാക്യം മുൻചൊന്ന വൃത്താംതാനോ?”

ചൊല്ലിനാൾ സഖീ:- ”ഭദ്രേ! ദുഷ്ടനാമവൻ നിന്നെ
വല്ലമട്ടിലും ചതിച്ചീടുവാൻ മുതിരുന്നു

സദ്വൃത്തയാകും നിന്റെ സാരോപദേശമെല്ലാം
വ്യർത്ഥമാണവനോടു ഫലിക്കില്ലവയൊന്നും!

പോക നാമുറങ്ങുവാൻ, പാതിര കഴിഞ്ഞുപോ-
യാകുലംവേണ്ട നിന്നെ രക്ഷിച്ചീടുന്നുണ്ടു ഞാൻ.

താവകചിത്തേശന്റെ താരുണ്യപ്പൂങ്കാവിലെ-
പൂവണിത്തുമരന്ദം മൃഷ്ടമായ് നുകർന്നീടാൻ,

നിന്നെ ഞാൻസഹായിക്കാ, മവൻതന്നരവാളി-
നെന്നുടെ കണ്ഠരക്തമർപ്പണം ചെയ്യേങ്കിലും.

ഇന്നു നാം പരസ്പരം നമ്മുടെയുറക്കറ-
യൊന്നു മാറ്റേണം-എങ്കിൽ സർവ്വവും സഫലമായ്

നിത്യവും നിദ്രചെയ്യും നിൻമച്ചു മാറ്റീടാഞ്ഞാ-
ലത്യാപത്തടുത്തു വന്നെത്തിടും നിസ്സംശയം.

അങ്ങിനെ വന്നാകിൽ നിൻ മാനസേശ്വരൻ തന്റെ
മംഗളഭാഗ്യോദയമക്ഷണം നശിച്ചുപോം!

പാടില്ല,മൽജീവിതം തുച്ഛമാ-ണതു തീർക്കാ-
നാടലില്ലല്പംപോലും താവകാർത്ഥമായ്ശ്ശുഭേ!

ഈ മട്ടിലുരചെയ്തു തോഴി, സ്വാമിനിയെത്തൻ
പൂമണിമേടതന്നിലേക്കുടൻ നയിക്കയായ്!

രണ്ട്

കോമളമായീടുന്നൊരാരാമണിമേടതെന്റെ
പൂമച്ചിൻ കവാടമൊന്നുഗമാം കൃപാണത്താൽ

ദലനംചെയ്തുകൊണ്ടു ദനുജാകാരനേകൻ
നിലയും മറന്നതാ ചീർത്തുകൊണ്ടണയുന്നു!

മഞ്ചത്തിൽശ്ശയിച്ചിട്ടും പൊൻതിടമ്പിനുനേരെ
വഞ്ചകൻ പകയ്ക്കാതെ പാരാതെ പാഞ്ഞീടുന്നു!

ആ, നിന്ദ്യഖൾഗധാരാപതനം പെട്ടെന്നൊരു
ദീനരോദനത്തിനാൽ പിന്നോട്ടു വലിയുന്നു!

എന്തിനായ്ക്കരവാളം വലിച്ചു പെട്ടെന്നു നീ
ഹന്ത, യാ, മൃണാളം നീ രണ്ടായ്പ്പിളർത്തുപോയ്!

എത്രയും പരിചിതമാകിന "ജ്യേഷ്ഠാ!"യെന്നു
ള്ളാർത്തരോദനമവൻ കേട്ടൊന്നു ഞെട്ടീടിനാൻ!

ജാലകം തുറക്കവേ,പൂനിലാവെളിച്ചത്തിൽ
ചാലവേ കണ്ടാനവനക്കുളിർകളേബരം

അന്ധകാരത്തിലറിയാതെ താൻ ഹനിച്ചുപോയ്-
സ്സാന്ധില്യയാം തന്നുടെയേകസഹോദരിതന്നെ!

വേപഥുകളേബരനായ് നിന്നീടുമവനോടു
താപവാക്യങ്ങൾ തന്വിയോതിനാൾ സഗൽഗ്ഗദം.

'ഭ്രാതാവേ! തപിക്കായ്ക; സാരമില്ലിതു, പക്ഷേ
സാധുവാം 'സൗഗന്ധിക'യ്ക്കത്തൽ നീ ചേർത്തീടൊല്ലേ!

ഇക്കൊച്ചു സഹോദരി പോകിലും പകരമാ-

യക്കുളിർവാണിതന്നെയെന്നെപ്പോൾ ഗണിക്ക നീ!

ആയവൾക്കണ്ണപോലുമാതങ്കം ചേർത്തീടാതെ-
യായുഷ്കാലാന്ത്യംവരെ വർത്തിക്കേണമേ ഭവാൻ!

എന്നാകിൽ കൃതാർത്ഥ ഞാൻ, സോദരാ, പോയിടട്ടേ
മന്നിന്റെ മറിമായമിന്നിമേൽ കണ്ടീടാതെ!”

മൂന്ന്

ആദ്യമായവനുടെയക്ഷികൾ ജലാർദ്രമായ്-
യാദ്യമായവനൊരു തപ്തനിശ്വാസം വിട്ടാൻ!

ധന്യനാമൊരുവന്റെ രാഗത്തെകൊതിച്ചീട്ടും
കന്യകാരത്നത്തിനെപ്പാട്ടിലാക്കീടാനവൻ;

ഏറെനാൾ ശ്രമിച്ചിട്ടും, സാദ്ധ്യമാകായ്കമൂലം
കാറൊളിക്കുഴലാളെക്കൊല്ലുവാൻ സന്നദ്ധനായ്

അണഞ്ഞതാണപ്പുമാൻ,-എന്തെന്ത് പുമാനോ? ഹാ!
ഗുണിയാണവനെങ്കിലീവിധം തുനിയുമോ?

തത്ത്വോപദേശമെത്ര ചെയ്കതില്ലവർ രണ്ടു-
മുൾത്താരിലവനു ചെറ്റലിവുണ്ടാക്കീടുവാൻ!

ആയവ വിഫലമായെങ്കിലു, മിപ്പോഴവൻ
ന്യായചിന്തകനായ്പ്പോയ്സോദരീവധംമൂലം

അന്നുതൊട്ടവൻ തനിക്കുറ്റസോദരിയെപ്പോൽ
ധന്യയാം സൗഗന്ധികതന്നോടു വർത്തിക്കയായ്

എങ്കിലും, 'അപരാധി' തന്നെ താനെന്ന ചിന്ത

പങ്കിലമാക്കീടാറുണ്ടവന്ന തന്മാനസം!

## വീരസൂക്തി

(മഞ്ജരി)

'ഘോരകൃപാണമേ! മുന്നോട്ടുപോക നീ
ചോരപ്പുഴയിൽ പുളച്ചുനീന്താൻ!

വാരിധിവീചികൾപോലെ പരക്കുന്ന
ക്രൂരമുകിലപ്പടനടുവിൽ.

ആർത്തുമദിക്കുകയില്ല നീയെന്നാകി-
ലാർത്തിയിതിൽപ്പരം വേറെയുണ്ടോ?

വീരരായിട്ടും മഹാരാഷ്ട്രവംശത്തിൽ
പോരാളിവീരന്മാരുണ്ടിനിയും

ക്ഷത്രശ്രീയോലുന്ന ഞങ്ങൾതൻവക്ത്രത്തിൽ
തത്രഭീരുത്വമുദിച്ചുവെങ്കിൽ

അന്നാളിൽമാത്രമേ നിങ്ങൾക്കീബ്ഭാരത-
മന്നിടം സ്വായത്തമായിരിക്കൂ!

സിംഹാസനത്തിലെ ക്രൂരത്വമേ! നിന്റെ
സിംഹപരാക്രമമെങ്ങുപോയി?

ഓങ്ങിയാൽ രക്തം കുടിക്കാതെ മാറാത്ത
മംഗലയാകും 'ഭവാനി' കാൺകെ,

എത്രയും പൊക്കിവിട്ടുർത്തിയ നിൻ ഫണ-
മിത്രയ്ക്കുമാത്രം ചുരുങ്ങിപ്പോയോ!

ഘോരകൃപാണമേ! മുന്നോട്ടുപോക നീ
ചോരപ്പുഴയിൽ പുളച്ചു നീന്താൻ!

ഈ വീരസൂക്തികൾ പാടും 'ശിവാജി' യി-

ന്നേവനമാദർശപാത്രമത്രേ!

## ഉദ്യാനത്തിൽവെച്ച്

സന്ധ്യാരുണൻ തൻ കിരണവ്രജത്താൽ
ചെഞ്ചായമിട്ടുർവ്വി മിനുക്കിടുമ്പോൾ
മിളദ്ദ്രുമം മർമ്മരഗീതി പാടി-
യിളംകുളുർത്തെന്നലലഞ്ഞിടുമ്പോൾ.

മുദാന്വിതം പക്ഷികൾസൂക്തികൗഘം
മുഴക്കിയങ്ങിങ്ങു പറന്നിടുമ്പോൾ,
ഒരോമനപ്പൂന്തൊടിതന്നകത്തു
വസിച്ചിരുന്നൂ പ്രണയാർദ്രി ഞങ്ങൾ! (യുഗ്മകം)

ഒരഞ്ചിതപ്പൊൻപനിനീരലർച്ചെ-
ണ്ടണിഞ്ഞ തൻ പാണികളൊന്നിനാലേ,
ഇടയ്ക്കിടെ, ബ്ബന്ധമഴിഞ്ഞു കാറ്റി-
ലുലഞ്ഞ പൂഞ്ചായലൊതുക്കിവെച്ചും.

ചിലപ്പോൾ വീർപ്പേറ്റു തുളുമ്പിടും തൻ
മനോജ്ഞമാം മാർത്തടവർത്തി ഹാരം
ചലിപ്പതോർക്കാതെയയ്യൂ, മുജ്ജ്വലപ്പൂം-
സാരിത്തലത്തുമ്പു ചെടിപ്പടർപ്പിൽ,

മരുത്തിൽ മാറിച്ചെറുചില്ലയൊന്നിൽ-
ക്കുരുങ്ങിനിൽക്കുന്നതു കണ്ടിടാതെ
പ്രേമാർദ്രമായ് നർമ്മവചസ്സു ചൊന്നും
മദീയചിത്തേശ്വരി വാണിരുന്നു!

അപാംഗവീക്ഷാവിശിഖാളിയേറ്റു
പിളർന്ന മന്മാനസകുംഭമപ്പോൾ
അതിങ്കൽ നിന്നിങ്ങനെ നിർഗ്ഗളിച്ചൂ
പ്രേമസ്സ്വരന്മാധുരി മന്ദമന്ദം;

"ജീവാധിനാഥേ! ഭുവനം നമുക്ക-
തമോവൃതത്താൽ നിറവുറ്റതല്ല

മിന്നിത്തിളങ്ങും പ്രണയപ്രദീപം
തെളിച്ച സൗഭാഗ്യസുവർണ്ണസൗധം!"

"പാഴാക്കിടേണ്ടീക്കനകക്കതിർച്ചാർ-
ത്തണിഞ്ഞകാലം വ്യഥപൂണ്ടു നമ്മൾ
വരുന്ന ഗാന്ധർവ്വവിവാഹലക്ഷ്മീ-
പദങ്ങളിൽച്ചെന്നു പതിച്ചു കുപ്പാം!"

കരങ്ങൾചേർത്തക്കമനീയമായ
സന്ധ്യാവിലാസൽ സുമുഹൂർത്തമൊന്നിൽ,
കടന്നു ദാമ്പത്യവിരിപ്രസൂന-
വാടിക്കകം രാഗഹൃദന്തർ ഞങ്ങൾ!

ജയിക്ക ഗാന്ധർവ്വവിവാഹലക്ഷ്മീ-
വിലാസവായ്പ്പേ, പ്രണയപ്പടർപ്പേ
ജയിക്ക ദാമ്പത്യവിലാസലക്ഷ്മീ-
യപാംഗയുഗ്മപ്രഭതൻ പകർപ്പേ!

## ഒരു ശരന്നിശ

(അന്നനട)

പകലവനുടെ വിലയം കണ്ടുകൊ-
ണ്ടകമലർ വിരിഞ്ഞണഞ്ഞ യാമിനി,
പുളകിതാംഗിയായ്പ്പുതുമലരൊളി
വളർമന്ദസ്മിതം പൊഴിച്ചു നില്ക്കുന്നു!
ശരദിന്ദു ചുരുക്കും കിരണമാലകൾ
വരാഭയാർന്നിടും രജതധൂസരം
ഇടയ്ക്കിടയ്ക്കിട്ടു വിളക്കുന്നു പച്ച-
ച്ചെടിപ്പടർപ്പിലെത്തളിർക്കുലകളെ!
മരിച്ചുപോയൊരാപ്പകലിനെപ്പറ്റി-
ത്തിരക്കിയെന്തോ തെല്ലറിഞ്ഞ മാരുതൻ,
തരുക്കൾതന്നുടെ ഗളങ്ങളിൽ തൂങ്ങി-
ക്കരഞ്ഞുകൊണ്ടെന്തോ പുലമ്പിപ്പോകുന്നു!

നിശീഥമാം കരിങ്കുയിൽ വിടുർത്തിയ
സുശോഭനമായ ചിറകുകളിലെ
മനം മയക്കുമാറതിമനോജ്ഞമാ-
യനേകമാർന്നെഴും കനകപ്പുള്ളിപോൽ-
പ്രകൃതിദേവിതൻ ഗളത്തിൽ ചാർത്തിനോ-
രകൃതകരമ്യമലർമാല്യങ്ങൾപോൽ-
ഗഗനമാം നീലക്കടലാസ്സിലെന്തോ
ജഗദീശൻചേർത്ത ലിപികളെന്നപോൽ-
നടനംചെയ്തിടും ശരന്നിശയുടെ
നിടിലത്തിൽക്കാണും ഹിമോദകാംശംപോൽ-
വിയല്ലതികയിൽ വിളങ്ങിക്കാണായി
വിരിമലരുകൾ-വിലസൽത്താരകൾ
ചലൽത്തിരകളാൽ പുളകംചാർത്തിടും
ജലനിധി വിതുമ്പിടും നരച്ചുണ്ടിൽ,
നിശാധിപൻ നിജകരങ്ങളാലൊരു
പ്രശാന്തലാവണ്യരസായനം തൂകി,
അതിൻകരയിൽനിന്നുറങ്ങിടും, ശൈല-
തതികൾതന്നുടെ തലകൾതന്നിലും,

അതിലണയുന്ന നദികളിലുള്ള
പുതുമണൽത്തിട്ടിൻനികരങ്ങളിലും,
കുടപ്പനകളൊട്ടുയർത്തിയ പച്ച-
ക്കുടകൾതന്നുടെ മുകൾപ്പരപ്പിലും,
വിലസൽപ്പച്ചപ്പുൽത്തൊടിയണിഞ്ഞോരു
മലഞ്ചെരുവിന്റെ വിരിമാറിങ്കലും,
തുഷാരലേപനം തുടരുന്നു മന്ദം
സുഷമയാർന്നിടും സുധാകരൻ-വരൻ!

ഇതുവിധമൊരു ശരന്നിശയാണെൻ
മതിയിൽ മായാത്ത മനോഹരചിത്രം!. . .
അതു നിനച്ചിനിക്കരയുന്നില്ല ഞാൻ
ഹതവിധിയുടെ ദുരന്തചേഷ്ടിതം!

## മിന്നൽപ്പിണർ

(മഞ്ജരി)
മന്നിനും വിണ്ണിനും മാണിക്യദീപമേ,
മിന്നുക; മിന്നുക, മിന്നലേ നീ!

വാർഷികശ്രീ വന്നു വാനിനയയ്ക്കുമാ-
കർഷകാപാംഗകടാക്ഷംപോലെ.

സന്ധ്യാവധൂടിതൻ സാരിയിൽ മിന്നുന്ന
ബന്ധുരപ്പൊൻകസവെന്നപോലെ-

ആകാശമേൽപ്പാവിലാലോലരമ്യമായ്
പാകുമലുക്കുകളെന്നപോലെ-

വ്യോമനീർപ്പൊയ്കയിലപ്പപ്പോൾജാതമാ-
മോമൽതരംഗങ്ങളെന്നപോലെ-

തഞ്ചിടുംകാർമുകിൽതന്നിൽ പടർന്നിടും
കാഞ്ചനവല്ലിപ്പടർപ്പുപോലെ-

ലാവണ്യലേശമേ, നീയുദിച്ചീടുമ്പോൾ
മേവുന്നു മേദിനി മോദപൂർവ്വം!

മന്നിനും വിണ്ണിനും മാണിക്യദീപമേ
മിന്നുക മിന്നുക മിന്നലേ നീ!

ആനന്ദകന്ദമേ! നിന്നെ നോക്കുമ്പോഴെൻ
മാനസമെന്തേ തുടിച്ചീടുന്നു?

ഓമനയാളുടെയാമലർമെയ്യിൽ നിൻ
കോമളിമാവല്പം ചേർന്നിരിക്കാം!

ചാമ്പലായ്ത്തീർന്നോരച്ചാരുത കാണ്മതും

ചെമ്പൊൽപ്രഭയോലും നിന്നിൽമാത്രം!

മൂലമതൊന്നല്ലോ നീയുദിച്ചീട്ടുമ്പോൾ
മാലിനെൻമാനസം പങ്കുവയ്ക്കാൻ!

ആരമ്യവിഗ്രഹമോർമ്മവരുത്തിടാ-
നായിരിക്കാം നീയണഞ്ഞതിപ്പോൾ.

മന്മനോനാഥ മറഞ്ഞുപോ, യിന്നിമേൽ
നിന്മേനി കണ്ടു ഞാനാശ്വസിക്കാം!

മായായ്ക മിന്നലേ!-മാനത്തിൻമാറിൽ നീ
മായായ്കിൽ മന്മനം ശാന്തമായി.

## ഉണർന്നപ്പോൾ

കൊട്ടുമിരവു കഴിഞ്ഞു; കൺതുറന്നു; കിഴക്കൻ
കൊട്ടുമുടികളിലെല്ലാം കുങ്കുമച്ചാർത്തുതിർന്നു,
തുടുതുടെ ദലജാലാലോലനേത്രം തുറന്നാ-
മടുമലർനിരയെല്ലാം മന്ദമന്ദം വിരിഞ്ഞു!

പകലവ വിലയത്താൽ പങ്കജം സങ്കടത്താ-
ലകമുഴറിവസിച്ചോരല്ലിനന്ത്യം ഭവിക്കെ,
സ്വകവരകരപൂരാലിംഗനാമോദഭാര-
പ്രകടവശഗയായിക്കണ്ണു മെല്ലെത്തുറന്നു!

വനപവനകിശോരൻ വന്നലഞ്ഞോരു നേരം
വനജനിര വിരിഞ്ഞും വഞ്ചുളക്കെട്ടലഞ്ഞും,
കനകകരമിളക്കിക്കൺകുളുർക്കും കണക്കി-
ദ്ദിനമണിയണിയും പൂങ്കാവനേകം ലസിപ്പൂ!

മധുമധുരമുദാരം പാടിയെത്തുന്ന നാനാ
മധുകരനികരത്തിൻ പ്രേമഗാനങ്ങൾകേൾക്കേ,
വിധുരതയിയലാതുള്ളോരു പുഷ്പങ്ങൾ മോദാൽ
മധുരതരമരന്ദം തൂകിയാടുന്നു മന്ദം!

അലസഗമനയായോരാറ്റിലാലോലമോലു-
ന്നലകളി,ലലർ വീഴ്ത്തും കൂലവല്ലീസമൂഹം,
മലയജമണമേന്തും മന്ദവാതത്തൊടെന്തോ
ചില കഥ പറയുന്നു മർമ്മരവ്യാജഭാവാൽ!

പുലരിവനിതയെത്തുംവേളയിൽ സ്വാഗതം ചൊ-
ന്നലഘുതരമമന്ദോന്മേഷമോടേല്ക്കുവാനായ്,
പല പറവകൾ പാടും പാട്ടുകേട്ടാത്തഹർഷാ-
ലുലകിതു പുളകം ചാർത്തുന്നതുണ്ടായിരിക്കാം!

കളകളകുളിർകേളീകാകളീകോമളം കേ-
ട്ടിളകിന ശലഭാളീമേളനം ചേർന്നവാടി

പുളകിതതരുവോടും, പുഷ്പഹാസങ്ങളോടും
വളരൊളി തിരളുംമാറൊട്ടനേകം ലസിപ്പൂ!

ഈ രമ്യമയമാം പ്രഭാതസമയം പാഴാക്കിടാതേല്ക്കു; നിൻ
താരഞ്ചും തരളാഭമാം മിഴിതുറന്നീടെന്റെ പൂമ്പൈതലേ!
ആരക്കണ്ണിനു ജീവനേകി, യവനല്ലാതർഹനാരാണതിൻ
സ്ഥാരശ്രീ തിരിയേ,യെടുപ്പതിനവൻ തൽകൃത്യവും ചെയ്തുപോൽ.

ആകട്ടേ; അതിനെന്ത്? വീണ മലരും മങ്ങീടുമാ ദീപവും
പോകട്ടേ;-പുതുതായി വീണ്ടുമതു വന്നെത്തീടുമെന്നെങ്കിലും
'വേകട്ടേ സതതം മനം തവ'-യിതാകാമെൻശിരോലേഖനം
പൂകട്ടേ, സുരലോകമെൻ സുതനെഴുന്നോരാത്മവാതം, ശുഭം.

## രഹസ്യരാഗം

(കാകളി)
”ഗംഗയിൽനിന്നും ഘടവുമായെത്തുമാ-
മംഗലശാലിനിയെങ്ങു മറഞ്ഞുപോയ്?
അക്കാൽച്ചിലമ്പൊലിയൊന്നിനിക്കേൾക്കുവാൻ
മൽക്കർണ്ണയുഗ്മം കൊതിക്കേണ്ട വ്യർത്ഥമായ്!

ഏണാക്ഷി,യൊന്നുകിലേതോ പുമാൻതന്റെ
പ്രാണാധിനായികയായ് തീർന്നിരിക്കണം.
അല്ലെങ്കിലപ്രീതിയെന്നിൽ ജനിക്കയാ-
ലല്ലണിവേണിയാളെന്നെ ത്യജിച്ചിടാം!
മിന്നൽക്കൊടിയവൾ തെന്നലേറ്റുല്ലസി-
ച്ചെന്നെയും വീക്ഷിച്ചിരിക്കുമാ വേളകൾ-
സൗവ്വർണ്ണകാലങ്ങൾ-വീണ്ടും കൊതിച്ചു ഞാൻ
വൈവശ്യമേൽക്കുവതെന്തിനാണീവിധം?
ഇങ്ങിനിവീണ്ടും വരാത്തതുപോലെ, യാ-
മംഗളവേളകൾ യാത്രപറഞ്ഞുപോയ്!
രാജമരാളികേ നിന്നോടു ചേരുവാൻ
നീചനാം കാക, നിവനർഹനാകുമോ?

അറ്റം ചുരുണ്ടിരുണ്ടുള്ള വാർകുന്തള-
ക്കറ്റയിൽ മല്ലിമലർമാല ചൂടിയും,
തുംഗസ്തനയുഗം തുള്ളിത്തുളുമ്പുമാ-
മംഗലമണ്ഡപമാകിന മാർത്തടം,
ഹാരാവലിയാലലംകരിച്ചും, നീല
നീരാളസാരിയാൽ പൊന്നുടൽ മൂടിയും,
മഞ്ജുളമാകിന കാൽത്തളിർവായ്പിനാൽ
മഞ്ജീരശിഞ്ജിതം മന്ദമായ് വീശിയും,
വാമഭാഗത്തിലുടൽ തെല്ലു ചാഞ്ഞു, തൻ
ത്തമലക്കയ്യാൽ ജലഘടം താങ്ങിയും,
അപ്പഴപ്പോൾ പിൻതിരിഞ്ഞെന്റെ മേനിയി-
ലുൽപലബാണം തൊടുത്തുകൊണ്ടും, ശുഭേ!
ഗംഗയിൽനിന്നു നീ പോകുമപ്പോക്കെ,ന്റെ-

യംഗനാമൗലേ മറന്നുപോയീട്ടുമോ?
എത്ര തുടിച്ചതില്ലെൻ മനമിത്രനാ-
ളത്ര നിൻ സാമീപ്യമാശിച്ചു വ്യർത്ഥമായ്
ധന്യനാം നായകസന്നിധി പൂകവേ
അന്യവിചിന്ത നിനക്കുദിച്ചീട്ടുമോ?

ദൈന്യമെഴുന്നൊരെൻ ദുഃസ്ഥിതിയോർക്കുവാൻ
ധന്യനല്ലല്ലോയിവൻ ഹതഭാഗ്യവാൻ!
ഈവിധമെന്നുമേ നിന്നെ നിനച്ചിനി-
ബ്ഭ്രുവിൻവിരിമാറിലശ്രു ളുകീട്ടുവൻ.”

ഈവിധം ചിന്താസരിത്തിൽ വീണുള്ളോരെൻ
ഭാവിപ്രസൂനവും വാടിക്കരിഞ്ഞുപോയ്!

അങ്കണദേശത്തിലെത്തിക്കിടപ്പതു
തങ്കക്കസവണിപ്പട്ടുലേസല്ലയോ?
ആരോമലാളേ, ഭവതിയിതുവഴി
നീരണിച്ചെപ്പുകുടവുമേന്തി ദ്രുതം
അന്നന്തിയിൽ പോയവേളയിൽ പോയതാ-
ണിന്നിറപ്പൂമ്പട്ടു കൈലേസു നിർണ്ണയം!
ഈ നിധി ഞാനെന്റെയായുസ്സുപോംവരേ-
യ്ക്കാനന്ദമാർന്നിനിസ്സൂക്ഷിച്ചുവെച്ചിടാം! ...

എന്തിതിനുള്ളിൽ കുറിപ്പൊന്നു കാണ്മതു-
ണ്ടെന്തിതിൻ ഹേതു?– ഹാ! നിൻ കാമലേഖനം!
വായിക്ക...മൽപ്രിയേ! മാലിനീ! ശാലിനീ!
ഭൂയിഷ്ഠശോഭിനീ നീ പാഞ്ഞൊളിച്ചിതോ!
അയ്യോ ചതിച്ചു നീയെന്നെ, യെന്നോമനേ!
നീയ്യിദം സാഹസംചെയ്തുകഴിഞ്ഞുവോ?
ഗംഗതൻ മാർത്തടം തന്നിൽ കുതിച്ചു നീ-
യെങ്ങനെ ചാടുന്നു, നീ കുരുന്നല്ലയോ?
അന്യനൊരുവനാൽ നിൻ ഭാവിജീവിതം
ധന്യമാക്കീടാനുറച്ചിതോ മാതുലൻ?

എങ്കിലെ,ന്തീവിധം നീ മരിക്കുന്നതാം
സങ്കടമെന്നിലിയറ്റുന്ന കാരണം!

”മുങ്ങിമരിക്കുമ്പൊഴൊറ്റവിനാഴിക
പൊങ്ങിക്കിടക്കുവാൻ യോഗമുണ്ടാവുകിൽ,
അപ്പൂവനത്തിലെപ്പൂക്കൾ കണ്ടെങ്കിലു-
മുൾപ്പൂകുളിർത്തു ഞാൻ നിർവൃതിനേടുവാൻ!”

എന്നു നീ ചൊൽവതാണെൻ ചിത്തപല്ലവി
ചിന്നിപ്പിളർക്കും നിശാതബാണം ശുഭേ!
എന്മലർക്കാവിലെപ്പുഷ്പങ്ങൾക്കൂടിയും
നിന്മനം സ്പർശിക്കുമാറു തോന്നീടുവാൻ
ഇത്രമേൽ പ്രേമം ഭവതിക്കിവനോടു
ചിത്തത്തിലുണ്ടെന്നറിവായതില്ല മേ!

വിൺമണിമേടതൻ വെണ്മാടമൊന്നിലായ്
കൺമണി!യെന്നെ നീ കാത്തുനിൽക്കുന്നുവോ?
വന്നിടുന്നുണ്ടു ഞാൻ ധന്യേ, ഭവതിതൻ
പിന്നാലെതന്നെ പരമസന്തുഷ്ടനായ്!
മാലിന്യമേലാത്തതാണു നിൻ മാനസം
മാലിനീ! മാലിനിയുണ്ടാകില്ല തേ!
സ്നേഹപരവശേ, നില്ക്ക, വരുന്നു നിൻ
മോഹനമാം മലർവാടിയിലേക്കു ഞാൻ.

ഒറ്റവാക്കെങ്കിലും നിന്നോടു ചൊല്ലുവാൻ
കറ്റക്കുഴലി, കഴിവായതില്ല മേ!
നമ്മുടെചിത്തേംഗിതങ്ങൾ സർവ്വസ്വവും
നമ്മളിൽത്തന്നെ ലയിക്കട്ടേയീവിധം!

മാഹാത്മ്യശാലിനീ, മന്ദാകിനീ, നിന്റെ
മോഹനമാകിന കല്ലോലപാളിയിൽ,
മൽപ്രാണനാഥതൻ മാലിന്യമേലാത്തൊ-
രപ്രാണവാതം കിടപ്പതുണ്ടാകണം!

ആ നിധി മേവും, വഴിതെളിച്ചീടുക
ഞാനും വരുന്നു, ക്ഷമിക്കണേ കാൽക്ഷണം!
നിന്മാർത്തടത്തിൽ കുതിച്ചു ചാടീടിന
പെൺമണിതൻ പ്രിയപിൻഗാമിയാണു ഞാൻ

ഭോഗമേ! നീ വിഷംകക്കുന്ന പന്നഗം
ത്യാഗമേ! നീ സുന്ദരസുമതല്ലജം!
മായാപ്രപഞ്ചമേ, നിൻ ബന്ധപാശമൊ-
ന്നായറുത്തീടുന്നതിൽ ക്ഷമിക്കേണമേ!

ഒന്നു നിൻ പന്തം തെളിക്ക ജലദമേ,
മന്നിൻമുഖമൊന്നുകൂടി നോക്കട്ടെ ഞാൻ!
സ്നേഹപരവശേ, മൽപ്രിയ, നില്ക്ക, നിൻ
മോഹനോദ്യാനത്തിലേക്കു വരുന്നു ഞാൻ!

## സ്വപ്നവിഹാരി

(വഞ്ചിപ്പാട്ട്)
ചരമാർക്കനവസാന മരീചിയും മറയവേ
വരരണംസമാപ്തിയിട്ടൊഴിഞ്ഞൂ യോധർ!

ചുടുനിണക്കളംതന്നിൽപ്പിടച്ചീടും കബന്ധങ്ങൾ
ചുടലയിലേക്കു ചുമന്നെടുത്ത നേരം.

പകലാകെപ്പടപൊരുതുടലാകെ മുറിപ്പെട്ടു
സ്വകതനു തളർന്നൊരു യുവസുഭഗൻ,

മടങ്ങിത്തൻകുടീരത്തിൻ പുറത്തുള്ള മനോജ്ഞമാം
മട്ടുമലർക്കാവിൽവന്നു മയങ്ങിവീണു

മലയമരുത്തും, ശീതംനിറഞ്ഞ ചന്ദ്രികച്ചാർത്തു-
മലമവനരുളിനാൻ സുഷുപ്തിസൗഖ്യം!

മിഴിയിണകളിൽ വന്നു മിളിതരസേന പുൽകീ
വഴിയേ നിദ്രാദേവിയാം നിലിമ്പനാരീ!

ആ മധുരദർശിനിതൻ മടിത്തട്ടിൽ കിടന്നുകൊ-
ണ്ടമന്ദസൗഖ്യംകൊൾകയായവൻ ക്ഷണത്തിൽ.

"അടർ തീർന്നു; പിരിയുവാനനുമതി ലഭിച്ചു; തൻ
പടകുടീരവും, വെടിഞ്ഞുടൻ തിരിച്ചു

അകലെയാം നിജനാട്ടിലരഞൊടിയിടയ്ക്കുള്ളി-
ലകമലർ തെളിഞ്ഞുകൊണ്ടണഞ്ഞൂ യോധൻ!

നരയിട്ടു തിരതല്ലുമരുവിച്ചാട്ടവു,മതി-
ന്നരികിലെ വനപ്പച്ചപ്പടർപ്പുകളും,

അതിനുള്ളിൽ പൈങ്കിളികൾ പൊഴിച്ചീടും ഗാനങ്ങളും

പുതുപൂക്കൾ പരത്തീടും പരിമളവും,

നിജചിത്തം കുളുർപ്പിച്ചു; നിരവധി നിരന്നുക-
ണ്ടജങ്ങളുമറിവുറ്റോരിടയന്മാരും,

അവരോടിയടുത്തെത്തിപ്പിരിഞ്ഞതുതൊട്ടതുവരെ-
യവനുടെ വൃത്താന്തങ്ങൾ തിരക്കുകയായ്.

പരമസന്തുഷ്ടിപൂണ്ടു പലതുമവരോടോതി-
പ്പിരിഞ്ഞൂ, തൽഗൃഹത്തിന്റെ നടക്കാവായീ!

ഇരുവശത്തണിചേർന്നു വിളഞ്ഞനെൽപ്പാടങ്ങളെ-
പ്പുരുകുതുകേന നോക്കി മനംകുളിർത്തു!

പലമട്ടിൽപ്പാട്ടുപാടിപ്പരിചൊടപ്പാടംതന്നിൽ
ചില ചെറുമികൾ കൊയ്ത്ത കതിർക്കറ്റകൾ

വരമ്പിൽ കുന്നുപോൽ കാണായ്: കമലപ്പെൺകൊടിയാൾതൻ
വരഹേമസമകുചകലശംപോലേ!

അവ കൊത്തിവച്ചിറകടിച്ചവിടത്തിൽ പറന്നീടും
വിവിധ വർണ്ണത്തിലുള്ള കിളിക്കുലവും,

കുയിൽവിളിച്ചുണർത്തിവിട്ടിളകിപ്പൊന്നണിയിള
വെയിലിൽക്കളിക്കും ചിത്രശലഭങ്ങളും,

അകതാരിലതിമോദം വളരുമാറണഞ്ഞു; തൻ
പുകൾപെറും സദനത്തിൻ പടിപ്പുരയിൽ.

ശിഥിലകുന്തളത്തൊടും മധുരസുസ്മിതത്തൊടും
വ്യഥയറ്റു നിജപുത്രി വിലസീടുന്നു!

അരികിൽ ചെന്നതിവേഗാൽ ഗളംകുനിച്ചെട്ടുക്കയാ-

യരുമക്കുഞ്ഞിനെ, മെയ്യിൽപ്പുളകം ചാർത്തി.

അകത്തുനിന്നണഞ്ഞൂ തന്നകമലർമണിദീപം-
പികമൊഴി-പ്രിയപത്നി-പ്രണയമൂർത്തി!-

നറുനിലാവൊളിയിളംഹസിതലേശത്തിനാലും
മറിമാനും മട്ടുപ്പൊരു കടാക്ഷത്താലും,

കുതുകാൽ സ്വാഗതംചൊല്ലും കുവലയമിഴിയെത്താ-
നതുലരാഗത്തോടെത്തിയെതിരേല്ക്കയായ്.

വിരഹമേ,യൊട്ടുവിൽ നിൻ വിജയത്തിൽ സുഖിപ്പതിൽ-
പരമിനിയുണ്ടോ ഭാഗ്യം പ്രണയികളിൽ!

പരമസംതൃപ്തയായിപ്പരിചരിച്ചിരിക്കും തൻ
പരഭൃതമൊഴിയാളാം പ്രിയതമയും

അരികിലായ് കൊഞ്ചിനില്ക്കും നിജ ഭാഗ്യലതികതൻ
പരിമളാഞ്ചിതവിരിമധുമലരും

ഒരുമിച്ചു വസിക്കുന്നു,"..."ഉണരുക, വേഗം, നോക്കു-
കരുണോദയമായ്,മതിയുറക,മേൽക്ക"

ഇതുവിധം നിജമേനി കുലുക്കിവിളിച്ചുണർത്തു-
ന്നതിലളവറ്റെഴുന്ന നീരസത്തോടെ,

നയനങ്ങൾ ചിമ്മി ഞെട്ടിയുണർന്നിതു സാധു നിജ-
പ്രിയ, പുത്രി, സദനവും മറഞ്ഞുപോയീ!

ആരോമൽപ്പുത്രിയാൾ ദുകീനിന്ന കിളിക്കൊഞ്ചൽ യുദ്ധ-
ഘോര'ഘണ്ടാ' നിനദത്തിൽ ലയിച്ചുപോയീ!

## ശൈശവാഭിലാഷം

(താരാട്ട്)

പൈതലോടോതുന്നിതമ്മ- "കുഞ്ഞേ
നീ ലല്ലകമ്മയ്ക്കൊരുമ്മ!"

പൊന്നുണ്ണി ചൊൽകയാ, "ണമ്മേ,-കാൺകീ
മിന്നാമിനുങ്ങുകൾ ചെമ്മേ!
ആരിവയ്ക്കേകീ വെളിച്ചം?-അന്ധ
കാരമകറ്റിടാൻ തുച്ഛം!"

"കണ്മണീ!-നിന്നെയെനിക്കായ്-തന്നോ
രമ്മഹാൻതന്നെയിവയ്ക്കായ്
ഏകിയതാണീവളിച്ചം-തുച്ഛ-
മാകില്ലെതെത്രയോ മെച്ചം!"

"പൂമ്പാറ്റപോലെ പറന്നു-വന്നീ-
ച്ചെമ്പകക്കൊമ്പിലിരുന്നു.
ഒന്നല്ലനേകം നിരന്നു-ഇവ-
യെന്നകം, ഹാ, കവരുന്നു!
"അമ്മേ! യിവർക്കില്ലേ ഗേഹം?-വാഴാ-
നിമ്മരക്കൊമ്പിലോ മോഹം?"

"ഈ മരക്കൂട്ടവും, കാടും, മറ്റു-
മാ, മിവതൻ മേടും വീടും."

"അമ്മേ! യിവരേറെയില്ലേ?-പള്ളി
ക്കൂടമിവർക്കൊന്നുമില്ലേ?"

"ഇല്ലുണ്ണിയിവർക്കൊന്നും-ഇവർ
നല്ലവരാണെന്നു തോന്നും!"

"കഷ്ടമെനിക്കു പഠിപ്പാൻ-പോണം
കിട്ടില്ല നേരം കളിപ്പാൻ!

’ബുക്കു’വായിച്ചു മുഷിഞ്ഞു-കേൾക്കെൻ
വാക്കെ,ന്റെയൊച്ചയടഞ്ഞു.

ഒറ്റവാക്കെങ്ങാനും തെറ്റി-യെങ്കിൽ
പറ്റുമോകര്യങ്ങൾ പറ്റി!

ബെഞ്ചിൽക്കയറി നില്ക്കേണം-പാഠ-
മഞ്ചരു ഞാനെഴുതേണം!

എൻ തുടപൊട്ടിത്തകർന്നു-സാറിൻ
വൻ തല്ലലുണ്ടോ നിൽക്കുന്നു?

എത്രപഠിച്ചാലും പോരാ-തല്ലും,
തത്ര ശകാരവും തീരാ!

എന്തു വിഷമം പഠിപ്പാൻ-ഇവർ-
ക്കെന്തൊരുത്സാഹം കളിപ്പാൻ!

തമ്പുരാ, നീവിധം നല്ല-പിച്ചി-
ചെമ്പകം, റോസ, തൈമുല്ല,

ഇങ്ങനെയോരോചെടിയിൽ-നല്ല
ഭംഗിയെഴും പൂന്തൊടിയിൽ,

എന്നെയുമിവരുടെ കൂടെ,-പോകാൻ
മിന്നാമിനുങ്ങാക്കിക്കൂടെ?-”

## നാട്ടിന്

"ഓമൽപ്രിയേ! പിഴ പൊറുക്കുക; ജീവിതത്തിൻ
ക്ഷേമപ്രസന്നവദനേ, മഷിതേച്ചുപോയ് ഞാൻ;
നീ മന്ദയായി വിലപിക്കരുതേ, രണത്തിൽ
ധീ മങ്ങിടാനിവനു സംഗതിയാക്കിടൊല്ലേ!"

"ദാമ്പത്യവല്ലി പുതുപൂക്കളണിഞ്ഞു; രാഗ-
സമ്പത്തിനാൽ നിലയനം നവനാകമായീ.

തേമ്പൂർണ്ണമായ് മുകുളമേകമിതാ വിരിഞ്ഞു
സമ്പൂർണ്ണശോഭയോടു മന്നിൽ വിളങ്ങിടുന്നു!

"ഞാൻ പോർക്കളത്തിനൊടു യാത്രപറഞ്ഞു വീണ്ടു-
മെൻ പൊന്നുപൈതലിനടുത്തു വരുംവരേക്കും,
ചെമ്പൊൽത്തിടമ്പിതു നിനക്കു സുഖം തരട്ടെ,
ഞാൻ പോയ്‌വരട്ടെ, സരളേ, കരയാതിരിക്കൂ!

"പന്തിക്കു പന്തവുമെടുത്തു പകൽ പകയ്ക്കാ-
തെന്തക്രമത്തിനുമൊരുങ്ങിന ശത്രു സൈന്യം
ചെന്തീയിൽ നമ്മുടയ നാട്ടുചുടുന്ന കണ്ടി-
ട്ടെന്തീപ്പുരയ്ക്കകമിരുന്നുകഴിക്കയോ ഞാൻ?"

"നാനാതരത്തിൽ നിജനാടു നശിച്ചൊടുക്ക-
മീ, നായർ വംശതരു വേരുമറിഞ്ഞുവീഴ്കെ,
ഹാ, നാണവും ചുണയുമറ്റു വസിക്കയെങ്കിൽ
ഞാ, നായുധക്കളരിയെന്തിനശുദ്ധമാക്കീ?"

ജീവൻ!-വരണ്ട തൃണമാണത്; പോയിയെങ്കിൽ
പോവട്ടെ!-യെൻ കടമ ഞാൻ നിറവേറ്റുമെങ്കിൽ,
ഹാ! വല്ലഭേ,യുപരിയെന്തൊരു ചാരിതാർത്ഥ്യം
കൈവന്നിടേണ്ടു ഭുവനത്തിലെനിക്കു ഭദ്രേ?"

"താരങ്ങളായ് വിലസിടും മമ മാതുലർക്കു-

ള്ളാ, രക്തമെൻ സിരകളിൽ പ്രവഹിച്ചിടുമ്പോൾ,
പോരല്ലയേതുപ്രളയത്തോടുമൊന്നു നിന്നു
നേരിട്ടിടാൻ മമ കരങ്ങൾ ബലിഷ്ഠമത്രേ!”

”ഏതാണു 'ടിപ്പു?'-ജളനാമവനെന്തുകാര്യം,
ശ്രീതാവിടുന്ന ചെറുവഞ്ചിയിൽ വന്നുകേറാൻ?
ഏതാണ്ടു മാപ്പതിനു നല്കുകതന്നെ!-പോട്ടെ,
വീതാനുകമ്പമതുടയ്ക്കുവതാർ സഹിക്കും?”

”ആകട്ടെ,യെന്നുമണയും ഭവതിക്കു സൗഖ്യ-
മേകട്ടെ,യെൻ സുതനു ദൈവമനുഗ്രഹങ്ങൾ!
പോകട്ടെ, ഞാൻ പ്രിയതമേ!-രണഭൂവിലേക്കു
പോകട്ടെ,-നമ്മുടയ 'നാട്ടിനു' വേണ്ടിമാത്രം!”

## ഒരു പുൽക്കൊടിയുടെ പ്രേമഗാനം

(മഞ്ജരി)

പ്രേമമേ!നീയൊരു മങ്ങാത്ത താരകം
മാമകമാനസമഞ്ജുദീപം!

ഈയുഷസന്ധ്യതൻ ഭൂയിഷ്ഠശോഭമാം
പീയൂഷപൂരിതസുസ്മിതാംശം.
മാമകമൂർദ്ധാവിൽ മിന്നും ഹിമോദക-
മാണിക്യഖണ്ഡം തലോടിയാലും.
എന്നടുത്തെത്തിക്കുലുക്കിവിളിക്കുമീ-
ത്തെന്നൽ കരഞ്ഞു പറഞ്ഞെന്നാലും,
മംഗലഗാനമോ, മാരണഘോഷമോ
പൈങ്കിളിക്കൂട്ടം പുലമ്പിയാലും,
ചഞ്ചൽത്തേൻ മാങ്കൊമ്പിൽ മേവിന കോകിലം
പഞ്ചമംപാടി മയക്കിയാലും,
തെണ്ടിമണ്ടീടുമാ വണ്ടിണ്ട വന്നെൻ കാൽ-
ത്തണ്ടു പിടിച്ചു കരഞ്ഞെന്നാലും,
ഈ രാഗസിന്ധുവിൽ നിന്നു പിന്മാറുകി-
ല്ലാരാമവല്ലികേ,നിർണ്ണയം ഞാൻ!

പ്രേമമേ! നീയൊരു മങ്ങാത്ത താരകം
മാമകമാനസമഞ്ജുദീപം!

കാലങ്ങളെത്രയായ് കാട്ടുപുല്ലാമെന്റെ
ലോലഹൃദയം വിരിഞ്ഞശേഷം?
എത്ര മിന്നൽക്കൊടി മിന്നിമറഞ്ഞുപോ-
യെത്ര മഴവില്ലു മാഞ്ഞുപോയീ?
പൊൽ പനീർപ്പൂക്കൾ കൊഴിഞ്ഞതില്ലെത്ര, ന-
ല്ലല്പലപുഷ്പങ്ങളെത്ര വാടി?
വാസന്തലക്ഷ്മിയും ഹേമന്തദേവിയും
ഭാസിച്ചിരുന്നു ഭരിതമോദം!
വാനിനെ നോക്കി വരവായി വാർഷിക-
മാനിനി മന്ദമായാടിയാടി,

ഫുല്ലസുമങ്ങൾ കൊഴിഞ്ഞു തരുനിര
പല്ലവതല്ലജപാളി ചാർത്തി!
അന്നും ഞാൻ രാഗവാൻ-ഇന്നും ഞാൻ രാഗവാൻ
എന്നുമിമ്മട്ടു ഞാൻ നിന്നുകൊള്ളാം!
എന്നെച്ചതിച്ചിടാനിന്നും ശ്രമിച്ചില്ലേ?
തെന്നലും മിന്നലും മാറിമാറി?

ആകട്ടേ!-എങ്കിലെ,ന്തെന്തു ചെയ്യാകിലു-
മാകുലമില്ലെനിക്കല്പംപോലും!
ലോലകളേബരൻ-നാളെ ഞാൻ പാഴ്വളം
നാലഞ്ചു മൺതരിമാത്രമായി!
"മന്നിൻ മറിമായം കാണാതെയെങ്ങനെ-
യിന്നിലയിങ്കൽ ഞാൻ വാണീടുന്നു?
നാളത്തെക്കാറ്റെന്റെ നാമ്പു പറിക്കുവാൻ
ചീളെന്നു വന്നേക്കാം!-വന്നീടട്ടേ!
എന്നെങ്കിലുമെനിക്കുണ്ടന്ത്യം-ഞാനതിൽ
ഖിന്നനായ് തീരുവതെന്തിനായി?
ആജന്മകാലം ഞാനാനന്ദചിത്തനായ്
രാജിക്കാം!-മറ്റെന്തു ചാരിതാർത്ഥ്യം?

പ്രേമമേ!നീയൊരു മങ്ങാത്ത താരകം
മാമകമാനസമഞ്ജുദീപം!

വാരിളംവല്ലികേ, വാനിൽ നീ നോക്കുക
വാരൊളിവാർന്നൊരാ വാരിദാളി!
എങ്ങുനിന്നാണവർ, പോകുവതെങ്ങവർ
മംഗലേ, നീയതറിവതുണ്ടോ?
ഇന്നലെസ്സിന്ധുവിൻ വിസ്തൃതമാർത്തടം
തന്നിലലഞ്ഞ തരംഗപാളി!
ഇന്നവരംബരമൈതാനംപൂകിന
ചെമ്മരിയാട്ടിൻ ചെറുകിടാങ്ങൾ!
ആഴിതന്നങ്കത്തിൽ വീണ്ടും നീരായവർ
വീഴുന്നു നാളെയോ മറ്റന്നാളോ!

ഏതുമറിവീലവ,രവർതൻഗതി-
യേതോ മഹൽശ്ശക്തിതൻ പ്രഭാവം
ആയവർതൻ പരിപാടികളൊക്കെയും
സ്വീയേംഗിതംപോൽ കുറിച്ചീടുന്നു!
ഓരോ ദിനങ്ങളുമോരോ തരത്തിലായ്
തീരുന്നു; നാമതു കണ്ടീടുന്നു!
കാലക്കുരുവി,തൻ ലോലച്ചിറകടി-
ച്ചാലക്ഷ്യമാക്കിപ്പറക്കും, വൃക്ഷം
ഏതെന്നറിവാൻ ശ്രമിപ്പാൻ തുനിയുകി-
ലേതും ഗ്രഹിക്കില്ലതിന്റെ തത്ത്വം!
എങ്ങോട്ടുപോയാലു,മെന്നെ വിളിക്കുമ്പോ-
ളങ്ങോട്ടു ചെല്ലേണ്ടതെന്റെ കൃത്യം!
ആ നിമേഷംവരെ,യ്ക്കാനന്ദപീയൂഷം
ഞാനാസ്വദിച്ചു വസിച്ചുകൊള്ളാം!

പ്രേമമേ! നീയൊരു മങ്ങാത്ത താരകം
മാമകമാനസമഞ്ജുദീപം!

നിശ്ശബ്ദമായി ഞാൻ നിന്നോടു ചൊല്ലുമീ
നിസ്സീമരാഗരഹസ്യലേശം,
നീ ചെവിക്കൊള്ളുകയില്ലെങ്കിൽ വേണ്ട;കേൾ
ഞാൻ ചരിതാർത്ഥനാണിന്നുമെന്നും!
നിന്നിളംചേവടിതന്നിലെൻശീർഷം ഞാ-
നൊന്നുചാച്ചീടാനനുവദിച്ചാൽ,
ആനന്ദനിഷ്പന്ദനായി ഞാനെന്നുടെ-
യാനനമിപ്പോൽ കുനിച്ചുകൊള്ളാം!

ത്വൽപദച്ചോട്ടിൽ ഞാനേതും തുഷാരാംശം
നൽപനിനീരായി വീഴുമെങ്കിൽ,
നിൻനിഴൽപ്പാടിൽ ഞാൻ നിന്നൊരുനാഴിക
നിർവൃതിനേടുവാനാവുമെങ്കിൽ,
എന്നല്പജീവിതശേഷം നിനക്കായി-
ത്തന്നെയർപ്പിക്കുവാൻ സാധിച്ചാകിൽ:-

ഭാഗധേയത്തിൻപൊടിപ്പേ, ഞാൻ താവക
രാഗവാനായതു ഭാഗ്യമായി!

പ്രേമമേ! നീയൊരു മങ്ങാത്ത താരകം
മാമകമാനസമഞ്ജുദീപം!"

## വസന്താവസാനം

(അന്നനട)
ഉദയഭാസ്കരകിരണങ്ങൾ തട്ടി
മുദിതഭാവത്തിലുണർന്നുവെങ്കിലും,
കഴിഞ്ഞരാത്രിതൻ സ്മരണയാലുടൻ
മിഴിയിണ തെല്ലു കലുഷിതമായി,
വ്യഥയേറ്റല വൃഥാ വിലപിക്കുമൊരു
പഥികനോടിദം പറഞ്ഞുകോകിലം;

”പരിതപിക്കൊലാ, പഥിക, നീ വൃഥാ
പരിണതഭാഗ്യവിധു മറകയാൽ,
ക്ഷണികമാമതിൻ മനോജ്ഞസുസ്മിത-
കണികകണ്ടു നിൻകരൾ കുളുർത്തനാൾ,
മറഞ്ഞുപോയെങ്കിൽ മറയട്ടെ അതു
നിറമെഴും മഞ്ജുമഴവില്ലുപോലെ;
പരമശോഭയാൽ പരിലസിച്ചുകൊ-
ണ്ടരഞൊടിക്കുള്ളിൽ മറഞ്ഞുപോയതാം!
ഭവജലധിതൻ തിരകളിൽപ്പെട്ടു
വിവശനാകാതില്ലൊരുവനെങ്കിലും,
മനോരഥത്തിലെ, മണിമയാസ്തരം
മനോഹരമെന്നു കരുതുന്നുണ്ടെങ്കിൽ;
മരീചിക, കണ്ടു മനംമയങ്ങിടു-
മൊരു, മാൻകുഞ്ഞിന്റെ നിലയിലാണു നീ!
കഴിഞ്ഞ സൗഭാഗ്യസ്മൃതികളാൽ തവ
മിഴികൾ തെല്ലിനി വികസിക്കുമെങ്കിൽ,
അതു മതി; വൃഥാ ലയിച്ചിടേണ്ടയീ-
പുതുമലരിന്റെ പുതുസുഷമയിൽ!”

കനലൊളിയാർന്ന കതിരോൻ, പാരിടം
കനककാന്തിയിൽ കഴുകിടുംനേരം,
കരളുരുകിന കുമുദിനി കഷ്ടം,
തെരുതെരെ ച്ചുടുനെടുവീർപ്പിട്ടിതാ,
വിരളശീകരഹിമകണങ്ങളാൽ

കരഞ്ഞിട്ടുന്ന കണ്ടഹങ്കരിച്ചുടൻ;
നലമൊടാടിട്ടും നളിനപാളികൾ
പലതരം നിന്നു പരിഹസിക്കുന്നു
തിരകലിൽ താണു മറഞ്ഞ തിങ്കളിൻ
കരളിതു കണ്ടു തകർന്നിരിക്കണം!
മധുകരികതൻ മദാലസ്യം കണ്ടു
മധുരസുസ്മിതം പൊഴിച്ച മാലതി,
അരികത്തെത്തിന ശലഭങ്ങളൊടു
സരസസല്ലാപം സമാരംഭിക്കവേ,
മലരണിമണം പകർന്നു നല്കുവാൻ
മലയമാരുതൻ കരഞ്ഞുചൊന്നിട്ടും,
തുനിഞ്ഞിടായ്കയാൽ തുഹിനമോഹന
വനപ്പച്ചക്കച്ച വലിച്ചിഴയ്ക്കുന്നു!
കദംബകാനനകമനീയാൾക്കപ്പോൾ
വദനം കോപത്താലരുണമായ്ത്തീർന്നു
പരുങ്ങുന്നെന്തിനു ലതകളേ, നിങ്ങൾ
മരുൽകിശോരകൻ വരുന്നതു കാൺകേ?

മഴമുകിൽ നീങ്ങിഗ്ഗഗനവൃക്ഷത്തിൻ
കിഴക്കേക്കൊമ്പെല്ലാം തളിർത്തു നിൽപായി
തരംഗവല്ലകി തെരുതെരെ മീട്ടി-
ത്തരംഗിണീഗണം തടവറ്റു പാടി
മമതാമദ്യത്തിൻലഹരികൊണ്ടിട്ടും
മമ മനമെന്തോ, പരിതാപം തേടി!
വിലാസരംഗവും വിലാപരംഗവു-
മുലകിടത്തിനുള്ളിരുവശങ്ങളാം!

കൊടുമുടി വാനിൻ നിറുകയിൽ മുകർ-
ന്നടനടനെന്തോ രഹസ്യംചൊൽകയാം!
പ്രണയശക്തിതൻ പല തത്ത്വങ്ങളും
ഗുണികളാമവരറിഞ്ഞിരിക്കണം!
മലർവല്ലി കെട്ടിപ്പുണർന്നിടുന്നൊരീ
മലയമാരുതൻ മഹിതജീവിതൻ,

എവിടെയും കാണ്മൂ പ്രണയജ്യോതിസ്സിൻ
സുവർണ്ണസുന്ദരനിഴലാട്ടങ്ങൾ ഞാൻ.
ഇവൻമാത്രമൊരു നിഹതൻ, നിസ്സാരൻ
വിവശമാനസൻ, വിചാരവിഹ്വലൻ."

വനാന്തലക്ഷ്മിതൻ വിരിമാറിലൊരു
പനിനീരലരായിജ്ജനിച്ചു ഞാനെങ്കിൽ!
വരാഭ വാർന്നിടും വനമലർ തെണ്ടും,
വരിവണ്ടായി ഞാൻ പിറന്നിരുന്നെങ്കിൽ!
മിന്നത്ത മാന്തളിരശിച്ചു പാടിടും-
വനപ്രിയയായി വസിച്ചിരുന്നെങ്കിൽ!
മതിബിംബത്തിനേക്കൊതിച്ചുകൊണ്ടു നീ
മതി കുതിച്ചതെൻ ശിഥിലചിത്തമേ!

മനോജ്ഞമാകന്ദമകരന്ദമുണ്ടു
മദോന്മത്തനായിമയങ്ങുമാക്കുയിൽ,
പഥികൻ-എന്നോടു, പറഞ്ഞതൊക്കെയെൻ
കഥകളാണെന്നു കരുതിയില്ല ഞാൻ!

അതെങ്ങേ?-മതി 'വസുമതി' മമ
മതിയിതുവിധം പിളർത്തിടായ്ക നീ!
അവളെച്ചിന്തിച്ചൊട്ടവശനാകാത്തോ-
രവസരമിവനാണപോലുമുണ്ടോ?

"മമ ജീവിതമാം മലർക്കാവിങ്കലെ-
സ്സുമവിഭൂഷിത 'വസന്ത' ലക്ഷ്മിയാൾ
നിജവിലാസങ്ങൾ നിറുത്തുവാനിതാ
നിനച്ചതുപോലെ നിലകൊണ്ടീടുന്നൂ!
മധുരദാമ്പത്യമകരന്ദത്തിനാൽ
മനോജ്ഞമായ്ത്തീർന്ന മദീയജീവിതം
അവസാനിക്കുമീയവസരസ്മൃതി-
യവശേഷിക്കുമോ തവ ഹൃദന്തത്തിൽ?"

വസന്തകാലമൊട്ടവസാനിക്കവേ
വസുമതിയെന്നോടുരച്ചതാണിദം

ശരി,ശരി,യവൾ പരീക്ഷിച്ചു മമ
പരിണയാൽപരപ്രണയനൈർമ്മല്യം
അറിഞ്ഞിരിക്കണമമലയാമവൾ
കറയെഴാത്തൊരെൻ കരളിനേപ്പറ്റി!

വസന്തവുംപോയീ വസുമതിയും പോയ്
വസുന്ധരയിപ്പോൾ നരകതുല്യമായ്!
മടുമലർവാടി വെടിഞ്ഞു ഞാൻ ചെന്നാ-
ച്ചുടുകാടിന്നകം കടക്കട്ടേ വേഗം!
അവിടമാണെന്റെയകതളിർ വെന്നോ-
രനർഘശക്തിതന്നഭയസങ്കേതം!
ചുടുനെടുവീർപ്പിട്ടുറക്കെ, ക്കേണാലി-
ച്ചുടലക്കാടിനോ കനിവുദിക്കുന്നു?

നിലമറന്നെന്നോ നിലവിളിച്ചുപോയ്
നലമൊടെൻകുറ്റം ക്ഷമിക്ക കൂട്ടരേ!

## അഞ്ജലി

(പാന)
വിൺമണിപ്പന്തൽ തന്നിൽ മേഘങ്ങളാം
കൺമയക്കിടും തോരണം തൂക്കിയും,
താരഹാരസഹസ്രങ്ങൾ ചാർത്തിയും,
ശാരദേന്ദു വിളക്കുകൊളുത്തിയും,
മിന്നിമിന്നി വിടരും പനീരലർ-
പ്പൊന്നളുക്കിനു മഞ്ജിമനല്കിയും,
മായയെന്തെന്നറിയാത്ത പൈതലിൻ
വായിൽ നൽസുധാപൂരമൊതുക്കിയും,
അക്കിടാവിന്റെ ചെഞ്ചോരച്ചുണ്ടിന്മേൽ
പൊൽക്കളൂർപ്പൂനിലാവു നിക്ഷേപിച്ചും
സന്ധ്യതൻ പൂങ്കവിൾത്തൊത്തിൽ നിത്യവും
ബന്ധുരമായ സിന്ദൂരംപൂശിയും,
മന്ദഹാസം പൊഴിച്ചണഞ്ഞീടുന്ന
സുന്ദരഗാത്രിയാകും രജനിതൻ,
പൂവൽമെയ്യിൽ ഹിമകളഭമണി-
ഞ്ഞീ വസുധാവലയം വിളക്കിയും,
മാനുഷാക്ഷിക്കഗോചരനായ് വാഴു-
മാനന്ദമൂർത്തേ, ദേവ, സർവ്വാത്മനേ!
അഞ്ജലികൂപ്പി,പ്രാർത്ഥനപ്പൂക്കളാ-
ലഞ്ജലിചെയ്തിടുവോരിവനെ നീ
നിന്മധുമന്ദഹാസലേശത്തിനാൽ
നന്മയോടൊന്നനുഗ്രഹിച്ചീടാവൂ!

## ശാന്ത

(കാകളി)

ഒന്ന്

'ജീവേശ!'- സാരിയാൽ കണ്ണീർ തുടച്ചുകൊ-
ണ്ടാ വേപിതാംഗിയാം 'ശാന്ത' ചൊല്ലീടിനാൾ!
"മൽപ്രാർത്ഥനകളവഗണിച്ചീവിധം
മൽപ്രാണനായകൻ ചെയ്യുന്ന സാഹസം-
ഭീമാപരാധം- സഹിക്കാതെ മാഴ്കയാ-
ണീ മാതൃമേദിനി- മാഹാത്മ്യശാലിനി!
അമ്മഹാധന്യയാമമ്മയെക്കാക്കുവാൻ
ധർമ്മയുദ്ധം ചെയ്വൂ നമ്മുടെ സോദരർ!
അത്രയ്ക്കു ഭക്തരാം മർത്ത്യർതൻ മാറിലോ
തത്രഭവാനിറക്കേണ്ടതീയായുധം?
ഭീകരം,ഭീകരം,ചോരപ്പുഴയൊലി-
ച്ചാവിലമാകയാ, യാർഷഭൂ, കഷ്ടമേ!
അമ്മതൻ പിഞ്ചുസുതരിലൊന്നല്ലയോ
ധർമ്മനിരതൻ ഭവാനും?- ഭയങ്കരം!
എന്നിട്ടുമീ'ലാത്തി' നീന്തിക്കുളിപ്പിച്ചു
തൻ നാട്ടുകാരുടെ ഹൃദ്‌രക്തവാപിയിൽ!
ഈ വസ്ത്രമെല്ലാം കളഞ്ഞണിചേർത്തിടും
ശ്രീവാച്ചിടും 'ഖദർ' ദിവ്യാംബരത്തൊടും.
തത്സഹജാതരോടൊത്തു ധർമ്മാങ്കത്തി-
നുത്സുകനായിഗ്ഗമിക്ക ശീഘ്രം ഭവാൻ!
എങ്കിൽ കൃതാർത്ഥ ഞാൻ!- താവകജീവിതം
പങ്കിലമാക്കൊലിപ്പാതകവൃത്തിയാൽ! ....

ഈവിധം ചൊല്ലും ദയിതയെ നോക്കാതെ
ഭാവം പകർന്നു കുതിരപ്പുറത്തുടൻ,
ചാടിക്കരേറിത്തിരിക്കയായ് 'ലാത്തി' തൻ
മോടിക്കു പാണിയിലേന്തിജ്ജവം പുമാൻ,
കണ്ണിൽനിന്നും വല്ലഭൻ മറയുംവരെ-
ക്കണ്ണുനീർവാർത്തു വാതിൽക്കൽ നിന്നാൾ സതി!

രണ്ട്

ധർമ്മഭടർതന്നിടയിലവരുടെ
മർമ്മംപിളർന്നു മദിക്കുന്നു 'ലാത്തി'കൾ!
ചോരക്കളമൊന്നു തീരുന്നു; ഭാനുമാൻ
നീരദപാളിയ്ക്കിടയ്ക്കൊളിച്ചീടുന്നു!
നായകൻ 'ലാത്തി'യൊന്നോങ്ങിയതേറ്റൊരു
നാരീലലാമം പതിക്കുന്നു ഭൂമിയിൽ!
'ശാന്തേ! മമ പ്രിയശാന്തേ!' - വിലപിച്ചു
താന്തനായ് വാജിപ്പുറത്തുനിന്നക്ഷണം
ചാടിയിറങ്ങുന്നു കണ്ണുനീർവാർത്തൊരു
ധാടികൂടീടുന്ന പട്ടാളനായകൻ!

ഓമലെത്തൻകരവല്ലിയിലേന്തിയാ-
ദ്ധീമാൻ രണതലംവിട്ടു പിന്മാറിനാൻ!
തൻ പുരശീതളാരാമത്തിലെത്തവേ
ചെമ്പകവല്ലിക വാടിത്തളർന്നുപോയ്!
പുൽത്തട്ടിൽ മന്ദം പ്രിയയെശ്ശയിപ്പിച്ചു
ഹൃത്തീയെരിയും പുമാനുറ്റസംഭ്രമാൽ,
ഘോരമാമക്ഷതസൃക്പ്രവാഹം നിജ-
വാരിളം ഉുവലാൽ തടുത്തോതിനാൻ!

'എന്തു നീ ചെയ്തു മൽശാന്തേ?-തുടരുവാൻ
ഹന്ത! കഴിഞ്ഞീലവനശ്രുധാരയാൽ.
ഓതിനാൾ-ജീവേശ,പോരും വിഷാദ,മെൻ
ഭൂതികരമൃത്യുവിൽ തപിക്കായ്കിനി!
ഞാനെൻ കടമനിറവേറ്റി;മറ്റില്ലൊ-
രാനന്ദപൂരമെനിക്കു കൈവന്നിടാൻ!
ധന്യയായ്; ഞാനെന്റെ പൂതയാമംബതൻ
സ്തന്യാമൃതത്തിൻ മധുരമറിഞ്ഞുപോയ്!
ഇന്നിമേലെങ്കിലുമിങ്ങനെ വാഴുവാൻ
തന്നെ,യെൻ നാഥൻ നിനയ്ക്കാതിരിക്കണേ!"

ആ മകരന്ദപ്രവാഹം നിലച്ചു; തൽ-
ക്കോമളക്കൺമിഴിരണ്ടുമടഞ്ഞുപോയ്!

കണ്ണുനീർ മാരിപൊഴിച്ചു കാർകൊണ്ടലേ,
വിണ്ണ,ന്മുഖം നോക്കി വീർപ്പിട്ടു കൊൾകിനി!

## പ്രേമവിലാസം

(മഞ്ജരി)

ഒന്ന്

രാധ:

”സങ്കടസിന്ധുവിൽ വീണുഴലുമെന്നെ-
ത്തിങ്കളേ! നീയും ഹസിക്കയാണോ?
മാനവരത്തെക്കാണാൻ കൊതിച്ചഭി-
മാനവിഹീനയായ് മാഴ്കുമെന്നെ,
എന്തിനീമട്ടിൽ പരിഹസിച്ചീടുന്നി-
തന്തികേയില്ലെന്റെയാത്മനാഥൻ!

നില്ലു നീ ഹേമന്തയാമിനീ, നിന്നോടു
ചൊല്ലുവാനുണ്ടെനിക്കേറെയെല്ലാം
അന്നു കൂട്ടാളിപോൽ നന്ദകുമാരനൊ-
ത്തെന്നുടെ ചാരത്തണഞ്ഞതാം നീ,
ഏകയായ് വന്നതിന്നെന്താണു കശ്മലേ?
പോക, ഞാനൊറ്റയ്ക്കിരുന്നുകൊള്ളാം!

മന്മനോമണ്ഡപം തല്ലിത്തകർക്കുമാ-
മന്മഥനെങ്ങു മറഞ്ഞിരിപ്പൂ?
വാരിളംതാരകത്താരണിഞ്ഞുള്ള നൽ-
സ്സാരിയുടുത്തോരീ വ്യോമലക്ഷ്മി
തിങ്കളെക്കെട്ടിപ്പുണരുന്ന കാണുമ്പോ-
ളെങ്കരളെങ്ങനെ ശാന്തമാകും?
വല്ലീനിരകളെച്ചുംബിച്ചു ചുംബിച്ചു
സല്ലീലം മർമ്മരോന്മത്തനാകേ,
ഇല്ലായ്കയില്ലെനിക്കൊട്ടുമസൂയ,യി-
ന്നുല്ലാസംകൊള്ളുമീ മാരുതനിൽ!

മാധുര്യമേറുമീഗ്ഗന്ധം പരത്തിടാൻ
മാധവീ, നിന്നോടു ചൊല്ലിയോ ഞാൻ?
നീലാളിപാളികൾ നീളെത്തിരിഞ്ഞു നിൻ
കൂലത്തിലെമ്മട്ടും വന്നുകൊള്ളും

ഞാനെത്ര കേണിട്ടും കാണ്മതില്ലാരേയും
ദീനയാമെന്നോടു സല്ലപിപ്പാൻ!

ഞാനൊരു ഗാപികയായതെന്തിന്നൊരു
കാനനപുഷ്പമായ് വന്നിടാതേ?
അന്തിമലരി വിടർന്നതു കണ്ടപ്പോ-
ളന്തരംഗം മമ വെന്തുപോയീ!
കണ്ണുനീർകൊണ്ടു കഴിച്ചിടാം കണ്ടോട്ടേ
കണ്ണനെച്ചിന്തിച്ചെൻ കാലമെല്ലാം!

കോമളരൂപന്റെ കണ്ഠത്തിൽ ചാർത്താനാ-
യീ മലർമാല കൊരുത്തുപോയ് ഞാൻ!
വാടിപ്പോയ്;-വാരിളം പുഷ്പങ്ങളേ, നിങ്ങൾ
വാടിയിൽ വാണു ലസിച്ചവകൾ!
എൻ കരസ്പർശത്താൽ നിങ്ങൾക്കുമീവിധം
സങ്കടരംഗമണഞ്ഞിടാറായ്
ഓർത്തതില്ലെല്ലോള,മെന്നെയിന്നീവിധം
താർത്തളിർ ഗാത്രൻ ചതിക്കുമെന്നായ്!

സന്ധ്യയെക്കാണുവാനോടിക്കിതച്ചോരാ-
ബ്ബന്ധുരവാസരം വീർപ്പടക്കി,
വാരുണദിഗ്‌വധൂതൻ മടിത്തട്ടിങ്കൽ
വാടിത്തളർന്നുടൻ വന്നു വീഴ്കേ,
ആയാസമാറ്റുവാനാരോ വിളിച്ചുടൻ
പായോനിധിക്കുള്ളിൽ കൊണ്ടുപോയി!
കാറൊളിവർണ്ണനിൽ മാത്രം ഞാൻ കാണ്മീലാ
കൂറിൻ കണികയുമെന്തു കഷ്ടം!

വൃന്ദാവനത്തിലെ വല്ലീനികുഞ്ജങ്ങൾ
മന്ദിരമാക്കി ഞാനെത്രരാവായ്
ഈവിധമെണ്ണിക്കഴിക്കുന്നി,തെങ്ങെന്റെ
ജീവിതനായകൻ ഗോപബാലൻ?
പാതിരാപ്പൈങ്കിളി പാടീടും പാട്ടിന്റെ

കാതിനു കാരിരുമ്പമ്പുതന്നെ!
ചെന്താമരാക്ഷനെച്ചിന്തിച്ചു മാത്രം ഞാൻ
സന്താപമെന്തും സഹിച്ചുകൊള്ളാം!
ആയിളം ചേവടിയെൻമടിത്തട്ടിൽവ-
ച്ചായിരം പ്രാവശ്യം ചുംബിച്ചാലും
സമ്പൂർണ്ണസംതൃപ്തി സന്ദേഹമാണെനി-
ക്കൻപിനോടായതു സാദ്ധ്യമാണോ?

ഓടക്കുഴൽ വിളി കേൾപ്പൂ, വരുന്നുണ്ട-
ക്കോടക്കാർവർണ്ണനെന്നന്തികത്തിൽ.
ധന്യയായ്തീർന്നു ഞാ, നിന്നിയെനിക്കൊരു
വന്യമലരുമായ് വന്നീടേണ്ട!"

രണ്ട്
കൃഷ്ണൻ:
"രാധേ! യെൻ പ്രേമസർവ്വസ്വമേ! നീയേവ-
മാധിചേർന്നീടുവാനെന്തു മൂലം?
ഓമലേ! മന്ദാക്ഷമന്ദഹാസാഞ്ചിത-
മീ മധുരാനനം താഴ്ത്തിയേവം,
മേവുന്നതെന്തു നീ, മാമകമാനസം
വേവുന്നതൊന്നുമറിഞ്ഞീടാതേ?
മഞ്ജീരശിഞ്ജിതമാറ്റൊലിയേൽക്കാനി-
ക്കുഞ്ജഗൃഹങ്ങൾ കൊതിപ്പതുണ്ടാം;
ദൂരത്തു കാൺക നീ വാനിന്റെ പൂങ്കവിൾ
സൈരവം മുകരും കൊട്ടുമുടിയേ!
ഓതുവതുണ്ടവരന്യോന്യം പ്രേമത്തിൻ
പൂതമാമേതോ പുരാവൃത്തങ്ങൾ!
സോമന്റെ സുസ്മിതം സാരമാക്കേണ്ട നാ-
മോമനേ! കാലവിളംബമെന്യേ,
നീണാളായാശിച്ച, പീയൂഷസിദ്ധിക്കായ്
ചേണാർന്നിടുംപടി പോകയല്ലീ?

ചൈത്രനിശീഥങ്ങളെത്ര കഴിഞ്ഞുപോയ്

തത്രയെൻ വക്ത്രത്തിലുറ്റുനോക്കി?
കാനനച്ചോലകൾ കൗതുകാൽ പാട്ടുമീ-
ഗ്ഗാനങ്ങളെന്തെന്നറിയുമോ നീ?
പ്രേമാങ്കുരത്തിൻ സുശോഭനമാം പരി-
ണാമത്തിൻ വർണ്ണനമാത്രമത്രേ!
കൈരവബന്ധുവിൻ കൈതവസുസ്മിതം
വൈരജനകമെനിക്കു ഭദ്രേ!
എന്തിനീയാലസ്യം?- താവകദാസനു-
ണ്ടന്തികേയെന്തിനും സന്നദ്ധനായ്!

മംഗലരൂപിണി, നിൻ മനോമോഹന
തുംഗസ്തനങ്ങളെയാത്തതൃഷ്ണം,
കൽഹാരവാപിയിൽ നീന്തുമാക്കോകികൾ
കൽമഷംപൂണ്ടതാ നോക്കിനില്പൂ!
പുഞ്ചിരിപ്പൂനിലാവാശിച്ചെൻലോചന-
പ്പിഞ്ചുചകോരങ്ങൾ വെമ്പിടുന്നു!

താരാധിനാഥൻ മറഞ്ഞീടുമിപ്പോഴാ-
ശ്ശരദാനീരദമാലികയിൽ;
ആ മഞ്ജുകുഞ്ജം മഹിതമായ്ത്തീർക്ക നാ-
മീമനോമോഹനയാമിനിയിൽ!
താരുകളൊട്ടു പറിച്ചുകൊണ്ടന്നു ഞാ-
നീ രത്നമേഖലയൂരി വേഗം
ആയവയോരോന്നും വാരിവിതറട്ടേ,
നീയുയർന്നെന്നെക്കടാക്ഷിച്ചാലും!
ഏറെനാളാശിച്ചപീയൂഷമിന്നു നാ-
മേറിയമോദാലശിക്കയല്ലീ?"

## ഹേമ

”മിന്നൽവാൾ വലിച്ചൂരി, വാനമേ സന്തപ്തയാ-
മെന്നുടെ നേർക്കീവിധമോങ്ങിനില്ക്കരുതേ നീ!
മന്മനോനാഥൻതന്റെ മഞ്ജുവാം മുഖം കണ്ടി-
ട്ടെന്മിഴിയടഞ്ഞാകിൽ-ആകട്ടേ, കൃതാർത്ഥ ഞാൻ!”

ഭീകരനിശീഥത്തിൻ മദ്ധ്യ; മന്ധകാരത്തിൽ
ലോകമാകവേ മങ്ങിമറഞ്ഞുകിടക്കുന്നു!
ഘോരമാം കാലവർഷം; ഛിന്നഭിന്നമായ് ചില
നീരദാവലി-കീറപ്പാഴ്ത്തുണിത്തുണ്ടിൻകൂട്ടം-
അംബരത്തെരുവിന്റെ വീഥികൾതോറും കാണ്മൂ.
ഡംബരവിഹീനയാം വർഷകർഷകീകേശം!
അപ്പപ്പോഴവൾ കോപാലോങ്ങുന്ന കൈവാൾത്തല
രാപ്പിശാചിതൻ കരിതേച്ച മെയ്യിനുനേരേ!
താരമില്ലൊന്നും; കരിങ്കാർമുകിൽനിനാദത്തിൻ
ഘോരത വർദ്ധിക്കുമാറങ്ങിങ്ങു ചീകീട്ടുകൾ
ലക്ഷമാക്രന്ദനംചെയ്തീടുന്നു; ഭേകാരാവ-
മിക്ഷോണിമണ്ഡലം നൂറായിട്ടു പിളർക്കുന്നു!
ഉഗ്രമാം കൊടുങ്കാറ്റിൽ മറിയും വൃക്ഷങ്ങൾ ത-
ന്നഗ്രഭാഗങ്ങൾ തമ്മിലിടറിപ്പിളരുന്നു!
ഭൂകമ്പസമാരംഭസംഭാരസൂത്രധാര-
നേകന്റെ മിരട്ടാകാമിക്കാണും കോലാഹലം!

അപ്പൊഴുതെല്ലാവരും നിദ്രതന്നങ്കത്തിങ്കൽ
സ്വപ്നസൗഭാഗ്യാമൃതമാസ്വദിച്ചമരുന്നു!
മങ്ങീടും വിളക്കിന്റെ മുന്നിലായ്-മേടയ്ക്കക-
ത്തങ്ങൊരു തുറന്നിട്ട ജാലകാന്തികത്തിങ്കൽ,
നിദ്രതൻ തിരുനെറ്റി ചുംബനംചെയ്യാഞ്ഞിട്ടും,
ക്ഷുദ്രമാം ഹൃദയത്തിൽ കത്തും തീ കെടാഞ്ഞിട്ടും,
നീരാളമെത്തപ്പുറത്തിരുന്നു കരഞ്ഞൊരു
ജ്വരസംഭ്രാന്തയായ തന്വിയാളപേക്ഷിപ്പൂ;

”മിന്നൽവാൾ വലിച്ചൂരി, വാനമേ സന്തപ്തയാ-

മെന്നുടെനേർക്കീവിധമോങ്ങിനിൽക്കരുതേ, നീ!
മന്മനോനാഥൻതന്റെ മഞ്ജുവാം മുഖം കണ്ടി-
ട്ടെന്മിഴിയടഞ്ഞാകിൽ-ആകട്ടേ, കൃതാർത്ഥ ഞാൻ!"

ഇഷ്ടതോഴിതൻ മാറിലിറ്റിറ്റു കണ്ണീർ വീഴ്കെ
ഞെട്ടി നിദ്രയിൽനിന്നും വെമ്പിയേൽക്കയായവൾ
ചോദിപ്പൂ: "ഹേമേ! മമ സ്വാമിനീ പറഞ്ഞാലും
ഖേദിപ്പതെന്തിന്നു നീ നിർന്നിദ്രം നിരുന്മേഷം?
ഇക്കെട്ടുത്തിയ ദീപമാരു കത്തിച്ചു വീണ്ടു-
മിക്കൊട്ടും തണുപ്പത്തു നിദ്രവിട്ടിരിക്കയോ?
മാറിയില്ലല്ലോ പനി-മാഴ്കിടാ, യ്യെന്തായാലും
മാരവൈജയന്തികേ,ചൊൽക നീയിതിൻ മൂലം!
എന്തുതാനാകട്ടെ, ഞാനുണ്ടാക്കാമുപായം, നീ
സന്താപം വെടിഞ്ഞെന്നോടോതുകയിതിൻ കാര്യം!
ജാലകമടയ്ക്കട്ടേ, ശീതവാതസ്പർശം നിൻ
ലോലമാം കളേബരം പീഡിപ്പിച്ചീടും പാരം!

"വേണ്ട വേണ്ടെൻ തോഴി,"- യക്കൈത്തലം പിടിച്ചുടൻ
കൊണ്ടൽവേണിയാൾ മന്ദമോതുന്നു സഗൽഗദം:
"പാരാതെ ശുഭപത്രമൊന്നെടുത്തു ഞാൻ ചൊല്ലു-
ന്നോരു വാക്യങ്ങളെല്ലാം കുറിക്കയരക്ഷണം!
ഇല്ലെനിക്കധിവാസമേറെനേരം ധാത്രിയിൽ
മല്ലികേ, നീയെൻ സ്നേഹപാത്രമാണെന്നാകിലോ,
വേഗത്തിൽ കുറിക്കുകീലേഖനം, പിന്നീടെന്നെൻ
ഭാഗധേയത്തിൻ ഹേതുഭൂതനാം 'മല്ലീനാഥൻ,"
ഇങ്ങെങ്ങാൻ വരുന്നുവോ-അന്നതു നൽകീടുകെൻ
മംഗലമാകുമന്ത്യസമ്മാനമെന്നും ചൊല്ലി...
ഈവിധം കുറിക്കുക:- "ജീവേശ! പോരും, തവ
ഭാവി ജീവിതപരിപാടി കനിട്ടേണ്ടിനി,
'ഭാമ'യെ ത്യജിക്കേണ്ട, 'ഹേമ' പോകുന്നു സ്വയം
പ്രേമതുന്ദിലയായ്ത്താൻ വാനവഗൃഹം നോക്കി!
ധന്യയായിവളെന്റെ ജീവിതം മുഴുവനും
മാന്യനാം യുവാവേ, ത്വൽപാദപൂജയ്ക്കായ് പോക്കീ

അ'പ്രേമ'പുഷ്പാഞ്ജലിയിന്നും ഹാ! ചെയ്തുതീർത്തു
ക്ഷിപ്രം ഞാൻ ഗമിക്കുന്നേൻ, മംഗലം ഭവിയ്ക്കട്ടേ!"

അപ്പപ്പോൾ പിടഞ്ഞെരിഞ്ഞുള്ളൊരാ ദീപനാളം
ക്ഷിപ്രം വായുവിൽ പോയി ലയിച്ചൂ; മങ്ങീ മിന്നൽ!

## മരിച്ചിട്ട്

"തരു ചുംബനമൊ"-ന്നുരച്ചിടുന്നൂ
തരു തൈവല്ലിയൊടാത്തകൗതുകത്താൽ
'വരു, തേൻ!'-വരിവണ്ടിനേ വിളിപ്പൂ
പുതുരാഗം പുലരുന്ന പുഷ്പവൃന്ദം!

ഉദയാർക്കനുടുപ്പതിന്നുവേണ്ടി-
സ്സദയം പട്ടുടയാടനെയ്തു രാവേ!
വദനം വിളറിഗ്ഗമിക്കയോ നീ!
യിദ, മാ വിൺമണിമേട നോക്കിനോക്കി?

"പകലിൻ വരവിൽ പകച്ചുനില്ക്കും
മകളേ, പോരിക വീട്ടിലേക്കു വേഗം!"
അകമൊട്ടു തളർന്നു താരകത്തോ-
ടകളങ്കസ്മിതമോതി രാവു പോയി!

മലതന്മടിയിൽ കിടന്നിരുന്നോ-
രലസദ്വാരിജവാജിചേർത്തിണക്കി,
പുലർകന്യക വന്നിടുന്നു, പൂർവ്വോ-
ജ്ജ്വലദിഗ്സ്യന്ദനമേറി മന്ദയാന!

കനകക്കസവിട്ടു കൺമയക്കും
ദിനനാഥാഗമവേള കാത്തിരിക്കും;
വനജേ, നയനംതുറക്ക, നിന്നോ-
ടിനനെന്തോ സരസം കഥിച്ചിടുന്നൂ!

കളകോകിലകൂജനം ശ്രവിക്കെ-
പ്പുളകംചേർന്ന പനീരലർക്കിടാവേ,
ഇള, പൊൻപൊടിയാൽ വിളക്കിടുന്നോ-
രിളവെയിലെത്തി വിളിച്ചിടുന്നു നിന്നെ!

പികഗീതികൾ കേട്ടു നിശ്ചലം, പി-
ച്ചകവല്ലീനിര നിന്നിടുന്ന കാൺകെ,

സ്വകപോൽ ചില പാട്ടുപാടി ലീലോ-
ത്സുകനായെത്തി മദാലസൻ സമീരൻ!

മനതാരു മയക്കിടുന്ന നാനാ-
നിനവാകും മദമേകിടുന്ന മദ്യം
ഇനിയെത്ര കുടിച്ചു ഞാൻ കിടന്നീ
വനമദ്ധ്യത്തിൽ വലഞ്ഞിടേണമാവോ!

വരവാണി വസന്തലക്ഷ്മിയും പോയ്
വരഹേമന്തവരാംഗിയും മറഞ്ഞു
അരമിക്കൊടുവേനൽ; ഹന്ത! ഞാനീ
മരുമദ്ധ്യത്തിലെരിഞ്ഞിടുന്ന വെയ്ലിൽ!

തണലില്ലൊരു താവളം ലഭിക്കാ
തുണയില്ലാരുമെനിക്കു തുച്ഛമെല്ലാം!
രണമാടുവതേതുമട്ടിൽ ഞാനീ-
ഗ്ഗുണമേലും ലത വാടിടാതെ കാക്കാൻ?

സരളേ! മമ പൊന്നുതങ്കമേ, നീ
സരസം നിദ്രവെടിഞ്ഞുണർന്നു നോക്കു;
സുരസുന്ദരിമാരെടുത്തുകാട്ടും
വരമന്ദാരമനോജ്ഞഹേമതാലം!

തവ വാർമിഴി തപ്തബാഷ്പധാരാ-
വിവശം മാറിയതൊന്നു നോക്കിടാതെ,
അവനോടിയൊളിച്ചു പൈതലേ, നിൻ
ഭവനം വിട്ടു ശുഭേ, തവാഗ്രജാതൻ!

മമ പാണികളിൽ പിടിച്ചുതുങ്ങി-
സ്സുമവാടിക്കകമാർന്നു പൂനിലാവിൽ,
മമതാർദ്രമനോജ്ഞമായ് പുലമ്പും
സുമമാധ്വീരസമെന്നിനിനിബ്ഭുജിക്കും?

പുലരുംപൊഴുതൊത്തു പൂത്തിലഞ്ഞീ-
മലരൊട്ടൊട്ടു പെറുക്കി മാലകെട്ടി,
വിലസന്മധുമഞ്ജുകുഞ്ജമേറും
കുലദീപങ്ങളണഞ്ഞുപോയിയെന്നോ!

സരളേ! തലപൊക്കുകൊന്നു, തങ്ക-
ത്തരളത്താരിതൾ നീ വിടുർത്തി നോക്കൂ
കരയും തവ പൊന്നുതാതനല്ലോ
മരുവുന്നു തവ മുന്നിൽ-നഷ്ടഭാഗ്യൻ!

പുഴതന്നകമുച്ചലത്തരംഗം
കുഴലൂതുന്നതുകേട്ടു ഹർഷഭാരാൽ,
അഴകാർന്ന കരച്ചെടിപ്പടർപ്പൊ-
ട്ടുഴലുന്നു തലപൊക്കി നാലുപാടും!

"തലചാച്ചു കിടന്നുകൊൾക നീ, യെൻ
മലരൊടേറ്റ മടിത്തടത്തിൽ മന്ദം
അലമാലകളോടിദം കഥിപ്പൂ
വിലസൽതീരമനന്തമോദപൂർവ്വം.

തടിനീനിരയെപ്പുണർന്നിടുന്നു
വിരിമാറിങ്കലണച്ചു വാരിരാശി;
പെരികെ, പ്രിയമാർന്ന വൃക്ഷകം,ത-
ന്നരികേ നിൽപ്പൊരുവല്ലിയെത്തൊടുന്നു.

ഹതഭാഗ്യനിവൻ!- കഴിഞ്ഞുപോയ്; എൻ
സുതതൻ മെയ്യു തണുത്തു; ചാഞ്ഞു കണ്ഠം!
നിതരാം വിജയിച്ചിടുന്ന നിദ്രേ,
മൃതഗാത്രം തവ വാസഗേഹമാണോ?

ശരി; നിന്നുടെ ചിത്രമെൻ മനസ്സിൽ-
പ്പിരിയാതെന്നുമിരുന്നിടട്ടെ, കുഞ്ഞേ!
എരിയില്ലതു താപവഹ്നിതന്നിൽ-

ത്തരിയാകില്ല വിചാരവീചിയിങ്കൽ!

മകളേ, ഭവിതം ഭവിക്ക!-നീയി-
ന്നകലത്തേതൊരു ദിക്കിലോ മറഞ്ഞൂ
സ്വകപോൽ, സരളേ, തവാത്മവാതം
ശകലം, ഹാ! വിഹരിച്ചിടട്ടെ മേന്മേൽ!

## രാജയോഗിനി

(കാകളി)
തങ്കക്കിരീടമേ! താണുവണങ്ങുകീ-
ച്ചെങ്കമലച്ചേൺചെറുചേവടികളെ!
ശാന്തിതൻ സൗരഭപൂരം പരത്തുന്ന
കാന്തിയെഴും കനകത്താരിണകളെ-
പാരിച്ച പാവനഭ്രൂവിൽ കുരുത്തൊരു
പാരിജാതത്തിൻ പരിമളപ്പൂക്കളെ-
മർത്ത്യാശയത്തിൻ മഹത്ത്വംസ്സുരിക്കുന്ന
സത്യസൗധത്തിൻ നടുത്തൂണിണകളെ!

ചെങ്കോൽപിടിയാൽ തഴമ്പിച്ച കൈകളി-
പ്പങ്കോരകങ്ങൾ തൊഴുവാൻ മടിക്കിലോ,
സംസാരസിന്ധുവിൻ കല്ലോലപാളിയി-
ലംസാന്തമാണ്ടവനാണതർഹിപ്പവൻ!

'സിദ്ധാർത്ഥ'പാദങ്ങൾ പൂജിച്ചുകൊണ്ടു ഞാ-
നിദ്ധാത്രിയിങ്കലരഞ്ഞൊടിയെങ്കിലും,
വാഴുകിൽ ധന്യയായ്;-സമ്പൽസരിത്തിൽ ഞാ-
നാഴുവാനാശിപ്പതില്ലുണ്ടവെങ്കിലും!
രാവായ പൂവു പകുതി വിരിഞ്ഞു നി-
ന്നാവാനിനേക്കൺമിഴിച്ചു നോക്കീടവേ-
ഉള്ളിലടക്കാൻ ശ്രമിക്കിലും സാധിയാ-
തല്ലിന്നധിപതി പൊട്ടിച്ചിരിക്കവേ-
വെൺതിരച്ചുണ്ടു വിതുമ്പുന്നൊരബ്ധിയെ-
ത്തൻതീരശൈലങ്ങളുറ്റുനോക്കീടവേ,
രാജഗേഹത്തിലറയിലിരുന്നൊരു
രാജമരാളിക ചൊൽകയാണീവിധം!

വാസരലക്ഷ്മിതൻ രംഗപ്രവേശമായ്
വാസരദിഗ്വധൂവക്ത്രം വിളർത്തുപോയ്
കന്ദരമന്ദിരം വിട്ടുവരുന്നൊരീ-
സ്സുന്ദരകന്ദളമാരി,താദിത്യനോ?

മറ്റാരുമല്ലീ പ്രഭാതപ്രഭാകരൻ
മർത്ത്യമാണിക്യമാം സിദ്ധാർത്ഥദേവനാം!
ചോലയിൽ ചെന്നുഷ:സ്നാനം കഴിക്കുവാൻ
ചാലേ ഗമിക്കയാം കാഷായവേഷവാൻ!

"സ്വാമിൻ!-ഗുഹാമുഖം വിട്ടിലാ മുൻപൊരു
ളുമിന്നൽ വന്നു പതിച്ചു പാദങ്ങളിൽ!
ചെന്തളിർച്ചേവടി ചുംബനംചെയ്കയായ്
മുന്തിരിവള്ളികൾ-സൗരഭ്യവാഹികൾ!
ആ നറുംനെന്മേനിവാകമലരുട-
നാനന്ദചിത്തൻ പിടിച്ചുയർത്തീടിനാൻ!
സ്വിന്നഗണ്ഡങ്ങൾ; തുടുത്ത ചെഞ്ചുണ്ടുകൾ;
മിന്നിപ്പകുതി വിടർന്ന നൽക്കണ്ണുകൾ;
വെമ്പലാൽ കൂമ്പിന കൂപ്പുകൈത്താമര;
കമ്പിതച്ചെമ്പകപ്പൊൻപുതുപ്പൂവൽമെയ്;...
ഈവിധം കണ്ടാനൃഷീശ്വരൻ, തന്മുന്നി-
ലാവിലയായൊര,ക്കാഞ്ചനക്കമ്പിയേ!

"എന്തു വത്സേ! താപകാരണം"- വാത്സല്യ-
തന്തുവായോതിന കർമ്മയോഗീശനെ
താണു വീണ്ടും തൊഴുതോതിനാൾ തന്വിഃ "മൽ
പ്രാണമരുത്തേ! ഭഗവൻ! ദയാനിധേ!
കാരുണ്യമാർന്നിന്നനുവദിക്കേണമി-
ത്താരിതൾപാദങ്ങൾ പൂജിച്ചുകൊള്ളുവാൻ!
ആരണ്യവുമെനിക്കാരാമമാണെന്റെ-
യാ രാജഗേഹമത്രേ കൊടുംകാനനം!
ദേവൻ, ഭവൽഭക്തദാസിയെക്കൈക്കൊൾക
ജീവിതസാഫല്യമാർന്നിടട്ടേ,യിവൾ!"

"നിൻവാഞ്ഛപോലാട്ടേ വത്സേ!.." വിടർന്നിത-
ത്തേൻവാണിതൻ ചുണ്ടിലൊറ്റപ്പനീരലർ
ജന്മസാഫല്യം ഭവിച്ചപോൽ തൽപ്പദം

നന്മയിൽ തൊട്ടവൽ വെച്ചാൾ നിറുകയിൽ!

## പ്രഥമതാരം

വാരഞ്ചിടും കുളുർവരക്കുറിയിട്ടണഞ്ഞൊ-
രാ, രമ്യസന്ധ്യയുടെ ഫാലമലങ്കരിക്കും,
താരത്തനിക്കനകചിത്രകമേ, നിനക്കു-
ള്ളോരപ്രഭാവലയമൂഴിയലങ്കരിപ്പൂ!

വാടിത്തളർന്ന പകലിൻ വളർമേനിതാങ്ങാ-
നോടിക്കിതച്ചു രജനീമണിയെത്തിടുമ്പോൾ,
മോടിക്കു ചേർന്നപടി നീ മൃദുഹാസലേശ-
മോടിക്ഷമാംബികയെ നോക്കിരസിച്ചിടുന്നു!

പോകാൻ തുനിഞ്ഞു ദിനനായക;നംബരത്തി-
ലേകാധിപത്യമിനിയിന്ദുവിനാണുതാനും,
ആകാം തനിക്കിവിടെ നിശ്ചലനൃത്ത,മാർക്കു-
മാകാ വിലക്കുവതിനീവിധമോർക്കയോ നീ?

മന്ദാകിനീമൃദുതരംഗമെടുത്തു തുള്ളും
മന്ദാഭയാർന്ന കനകക്കതിരേ, നിനക്കായ്
മന്ദാരമഞ്ജരികൾതോറുമണഞ്ഞലഞ്ഞ
മന്ദാനിലൻ സുമസുഗന്ധമെടുത്തുനിൽപൂ!"

ആനന്ദക്കുളുർകന്ദമേ, രജനിതൻ വാർകുന്തളക്കെട്ടിലെ-
ക്കാനപ്പൂങ്കണികേ, കലങ്ങിമറിയും കണ്ണിന്നു കർപ്പൂരമേ!
വാന,ല്ലിന്നു വസുന്ധരാവലയവും വർഷിച്ചു വർത്തിച്ചിടു-
ന്നാ,നൽശാന്തിയെഴുന്ന മന്ദഹസിതം നിന്മേന്മ വാഴ്ത്തുന്നിതോ!

പ്രസാധകർ
താളിളക്കം